No/450/2022/SRG/LSGD(CC)(4)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022 ന നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് സെക്രട്ടറിയേറ്റ് അനക്സ് II വിലെ ലയം ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1. പദ്ധതി അവലോകനം

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

15.10.2022 വരെയുള്ള ആകെ പദ്ധതി ചെലവ് 14.98 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 15.58 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് വയനാട് ജില്ലയിലും (19.4 ശതമാനം) ഏറ്റവും കുറവ് കാസർകോട് ജില്ലയിലുമാണ് (12.36 ശതമാനം). 41.82 കോടി രൂപയുടെ 2327 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 67.96 കോടി രൂപയുടെ 3389 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ജനറൽ | SCP | TSP | CFC | Total |
|---|---|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് | 18.72 | 15.54 | 19.07 | 14.65 | 17.04 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 15.83 | 16.10 | 23.50 | 11.86 | 15.25 |
| 3 | ജില്ലാ പഞ്ചായത്ത് | 10.27 | 11.16 | 13.07 | 12.56 | 11.10 |
| 4 | മുനിസിപ്പാലിറ്റി | 21.91 | 11.06 | 9.87 | 10.62 | 15.86 |
| 5 | കോർപ്പറേഷൻ | 11.54 | 7.89 | - | 6.23 | 10.96 |
| 6 | ആകെ | 16.75 | 13.95 | 17.97 | 12.29 | 14.98 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | | | | |
|---|---|---|---|---|---|
| 1 | വയനാട് | 19.40 | 8 | എറണാകുളം | 14.21 |
| 2 | ആലപ്പുഴ | 17.99 | 9 | ഇടുക്കി | 13.98 |
| 3 | കൊല്ലം | 17.81 | 10 | മലപ്പുറം | 13.88 |
| 4 | പാലക്കാട് | 16.51 | 11 | പത്തനംതിട്ട | 13.66 |
| 5 | തൃശ്ശൂർ | 15.60 | 12 | കോട്ടയം | 13.10 |
| 6 | കണ്ണൂർ | 14.80 | 13 | തിരുവനന്തപുരം | 12.60 |
| 7 | കോഴിക്കോട് | 14.58 | 14 | കാസർകോഡ് | 12.36 |

**പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.**

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി ചെലവ് (ശതമാനം) | | |
|---|---|---|---|
| | പുതിയ പ്രോജക്ട് | സ്പിൽ ഓവർ പ്രോജക്ട് | ആകെ |
| ഗ്രാമപഞ്ചായത്ത് | 10.01 | 7.03 | 17.04 |
| ബ്ലോക്ക് പഞ്ചായത്ത് | 9.45 | 5.80 | 15.25 |
| ജില്ലാ പഞ്ചായത്ത് | 5.04 | 6.06 | 11.10 |
| മുനിസിപ്പാലിറ്റി | 7.11 | 8.75 | 15.86 |
| കോർപ്പറേഷൻ | 3.44 | 7.52 | 10.96 |
| നഗരസഞ്ചയം | 0.37 | 5.05 | 5.42 |
| **ആകെ** | **8.24** | **6.74** | **14.98** |

**മുൻ വർഷങ്ങളിൽ സെപ്റ്റംബർ 30 വരെയുള്ള പദ്ധതി ചെലവ് (ശതമാനം)**

| | സെപ്റ്റംബർ 30 |
|---|---|
| **2014-15** | 11.23 |
| **2015-16** | 10.81 |
| **2016-17** | 2.27 |
| **2017-18** | 20.57 |
| **2018-19** | 30.49 |
| **2019-20** | 24.76 |
| **2020-21** | 33.01 |
| **2021-22** | 14.19 |
| **2022-23** | 14.19 |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1. 02.06.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 ഖണ്ഡിക 3.7

പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾ ഇല്ലായെങ്കിലും 2022-23 വർഷം റ്റി.എസ്.പി വിഹിതം ലഭിച്ചിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവരം 02.06.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ യോഗ തീരുമാനപ്രകാരം നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും 26.07.22 ലെ യോഗത്തിൽ നൽകിയിരുന്നു. വിവരങ്ങൾ താഴെ ചേർക്കുന്നു.

**(i) നഗരസഭകൾ**

നഗരസഭാ ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലാത്ത നാലു നഗരസഭകളാണ് ഉള്ളത്. ഈ ലിസ്റ്റ Tribal Extension Officer പരിശോധിച്ച സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന് 26.07.2022 ലെ യോഗം നിരീക്ഷിച്ചിരുന്നു.

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് | 2022-23 അനുവദിച്ച റ്റി.എസ്.പി വിഹിതം |
|---|---|---|
| 1 | തൃശ്ശൂർ കോർപ്പറേഷൻ | 2,81,000 രൂപ |
| 2 | കോഴിക്കോട് കോർപ്പറേഷൻ | 1,38,000 രൂപ |
| 3 | കണ്ണൂർ കോർപ്പറേഷൻ | 11,79,000 രൂപ |
| 4 | കൊയിലാണ്ടി നഗരസഭ | 2,65,000 രൂപ |

ഇത് Tribal Extension Officer കൂടി സാക്ഷ്യപ്പെടുത്തി പരിശോധിച്ച റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസന ഡയറക്ടറെ 26.07.2022 ലെ യോഗം ചുമതലപ്പെടുത്തി.

(ii) **ഗ്രാമപഞ്ചായത്ത്** - പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾ ഇല്ലാതെ റ്റി.എസ്.പി വിഹിതം ലഭിച്ചിട്ടുള്ളത് തിക്കൊടി ഗ്രാമപഞ്ചായത്തിനു മാത്രമാണ്. വിഹിതം - 6,78,000 രൂപ. ഈ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലായെന്ന് Tribal Extension Officer സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞവർഷം റ്റി.എസ്.പി വിഹിതം അനുവദിച്ചിരുന്നുവെങ്കിലും പട്ടികവർഗ്ഗ കുടുംബം ഇല്ലാത്തതിനാൽ റ്റി.എസ്.പി വിഹിതം ചെലവഴിച്ചില്ല. അതിനാൽ ഈ വർഷം വികസനഫണ്ട് ജനറലിൽ 5,42,400 രൂപ കുറവു ചെയ്ത് പരിഹാര തുകയായി മാറ്റിയിട്ടുണ്ട്. (ഈ വർഷത്തെ ആകെ റ്റി.എസ്.പി വിഹിതം 12,20,400 രൂപ) അതിനാൽ വികസന ഫണ്ട് ജനറലിൽ കുറവു ചെയ്തു (പരിഹാര തുക) തിരികെ ജനറൽ ഫണ്ടായി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം പട്ടികവർഗ്ഗവികസനവകുപ്പ് ഡയറക്ടറുടെ പ്രതിനിധി മുകളിൽ പറഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശം 21.08.2022 ലെ യോഗത്തിൽ അവതരിപ്പിച്ചു.

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് | പട്ടികവർഗ്ഗ കുടുംബങ്ങൾ |
|---|---|---|
| 1 | തൃശ്ശൂർ കോർപ്പറേഷൻ | 2 |
| 2 | കോഴിക്കോടു കോർപ്പറേഷൻ | 3 |
| 3 | കണ്ണൂർ കോർപ്പറേഷൻ | 21 |
| 4 | കൊയിലാണ്ടി നഗരസഭ | 1 |
| 5 | തിക്കോടി ഗ്രാമപഞ്ചായത്ത് | കുടുംബങ്ങൾ ഇല്ല |

**21.08.2022 ലെ തീരുമാനം :-** കുടുംബങ്ങളുടെ എണ്ണമനുസരിച്ച് നിലവിലെ മാനദണ്ഡപ്രകാരം റ്റി.എസ്.പി വിഹിതം പുനഃക്രമീകരിക്കാൻ ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഇതിനായി ഫയൽ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും പട്ടികവർഗ്ഗ വികസന ഡയറക്ടർക്ക് നൽകി. ഫയൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന തദ്ദേശഭരണ വകുപ്പിനു നൽകേണ്ടതും തുടർന്ന് ധനവകുപ്പിനു നൽകേണ്ടതുമാണ്. പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലായെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടർ അറിയിച്ചതനുസരിച്ച് തിക്കോടി ഗ്രാമപഞ്ചായത്ത്

കഴിഞ്ഞവർഷം പരിഹാരതുകയായി വികസനഫണ്ട് ജനറലിൽ നിന്നു മാറ്റി വച്ച തുക 5,42,400 രൂപ വികസന ഫണ്ട് ജനറലിലേക്ക് തിരികെ മാറ്റാൻ തീരുമാനിച്ചു. ഇതിനാവശ്യമായ നടപടി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ഐ.കെ.എം-ഉം സ്വീകരിക്കണം. നഗരസഭകളുടെ കാര്യത്തിൽ മുകളിൽ പറഞ്ഞവയ്ക്കായി ആവശ്യമായ തുടർനടപടി നഗരകാര്യഡയറക്ടർ സ്വീകരിക്കണം. ഇതിന്മേൽ അടിയന്തിര നടപടി സ്വീകരിക്കാൻ 15.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചു.

**നടപടി:- 1) പട്ടികവർഗ്ഗ വികസന ഡയറക്ടർ**
**2)നഗരകാര്യ ഡയറക്ടർ**
3) **പഞ്ചായത്ത് ഡയറക്ടർ**
4) **ധനവകുപ്പ്**
5) **എസ്.ആർ.ജി**
6)**ഐ.കെ.എം**
**7)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.2 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 ഖണ്ഡിക 4.5**

**കാസർഗോഡ് നഗരസഭ**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2022 ലെ കത്തും കാസർഗോഡ് മുനിസിപ്പൽ കൗൺസിലിന്റെ 20.01.2021 ലെ 1-ാം നമ്പർ തീരുമാനവും (SRG 472/22- CC /292/21).**

കാസർഗോഡ് നഗരസഭയിലെ 20-ാം വാർഡിൽ കരിപ്പൊടി റോഡ് വീതി കൂട്ടുന്നതിന് 18.08.2015 ലെ കൗൺസിൽ തീരുമാനിക്കുകയും (തീരുമാനം നമ്പർ 37) പ്രവൃത്തി നടപ്പാക്കുകയും ചെയ്തു. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയില്ല. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി 31.08.2015 ലാണ് ടെണ്ടർ ചെയ്തത്. ഇതിന്റെ എസ്റ്റിമേറ്റ് 9.80 ലക്ഷം രൂപയാണ്. ബിൽ തുക 8,85,356 രൂപ. നഗരസഭാ കൗൺസിലിന്റെ തീരുമാന പ്രകാരം ചെയ്ത പ്രവൃത്തി സാധൂകരിച്ച് ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**26.07.2022 ലെ തീരുമാനം**

1) പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതി കൂടാതെ പ്രവൃത്തി ചെയ്തത് ക്രമ വിരുദ്ധമാണ് എന്ന് യോഗം വിലയിരുത്തി.
2) ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് ചീഫ് എഞ്ചിനീയർ 15.10.2022 ലെ യോഗത്തിൽ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** :- ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാത്തത് നിർവ്വഹ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഇത്തരത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം കൂടാതെ പ്രവൃത്തികൾ ചെയ്യുന്നുണ്ട് എന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

**15.10.2022 ലെ തീരുമാനം**

ജില്ലാ ആസൂത്രണ സമിതി അനുമതി കൂടാതെ പ്രവൃത്തി ചെയ്ത ബന്ധപ്പെട്ട എഞ്ചിനീയറുടെ പേരിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഈ പ്രവൃത്തിയുടെ ബിൽ തുക നൽകുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കാൻ കാസർകോട് ജില്ലാ ആസൂത്രണ സമിതിയെ ചുമതലപ്പെടുത്തുന്നു.

**നടപടി:- 1) ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി, കാസർഗോഡ്**

**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2 ഖണ്ഡിക 4.15**

**കാമാക്ഷി ഗ്രാമപഞ്ചായത്ത്**

**കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.05.2022 ലെ** A4-4140/21-◌ാ◌ം **നമ്പർ കത്തും ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.03.2022 ലെ കത്തും (SRG 357/**22 – CC/233/**22).**

| | | |
|---|---|---|
| *പ്രോ.നം: 106/21* | ***അടങ്കൽ*** | ***20,00,000 രൂപ*** |
| | *സി.എഫ്.സി– ബെയ്സിക് ഗ്രാന്റ്* | *10,00,000 രൂപ* |
| | *വികസന ഫണ്ട്– ജനറൽ* | *4,13,680 രൂപ* |
| | *തനത് ഫണ്ട്* | *5,86,320 രൂപ* |
| ***പേര്:*** | ***മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം വാങ്ങൽ*** | |

കാമാക്ഷി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്നത് തങ്കമണിയിലാണ്. ബസ് സ്റ്റാന്റിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്നതിന് മതിയായ സ്ഥല സൗകര്യം ഇല്ല. ബസ്സുകൾ ബസ് സ്റ്റാന്റിൽ കയറാത്തതിനാൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ലേലത്തിന് പോകുന്നില്ല. ബസ് സ്റ്റാന്റിലേക്ക് കയറി ഇറങ്ങാൻ സൗകര്യമൊരുക്കുന്നതിന് ജിജി മോൾ തോമസ്, വേഴമ്പശ്ശേരിൽ എന്നയാളുടെ 02.28 ആർ സ്ഥലം (സർവ്വേ നമ്പർ 257/16 PT2, 257/17PT2, 257/39PT1) വാങ്ങാനുദ്ദേശിക്കുന്നു. സ്ഥലമുടമയുമായി ചർച്ച ചെയ്തു. വില്ലേജ് ഓഫീസറുടെ വാല്യുവേഷൻ പ്രകാരം ഈ സ്ഥലത്തിന്റെ വില 9,04,907 രൂപയാണ്. സ്ഥലമുടമ ആവശ്യപ്പെടുന്നത് 45.00 ലക്ഷം രൂപയാണ്. വില്ലേജ് ഓഫീസർ നിശ്ചയിച്ച തുകയോടൊപ്പം 30 ശതമാനം കൂടി (സൊലേഷ്യം) ചേർത്താലും സ്ഥലമുടമ ആവശ്യപ്പെടുന്നതിനേക്കാൾ വളരെ കുറവാണ്. അതിനാൽ സ്ഥലമുടമ ആവശ്യപ്പെടുന്ന 45.00 ലക്ഷം രൂപയ്ക്ക് സ്ഥലം വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമനുസരിച്ച് പഞ്ചായത്ത് ഡയറക്ടർ നേരിട്ട് സ്ഥലം പരിശോധിച്ച് 15.10.2022 ൽ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** :- വില്ലേജ് ഓഫീസർ നിശ്ചയിച്ച തുകയോടൊപ്പം 30 ശതമാനം സൊലേഷ്യം കൂടി ഉൾപ്പെടുത്തിയാലും ഉടമ ആവശ്യപ്പെടുന്ന തുകയേക്കാൾ കുറവാണ്. ഈ തുകയ്ക്ക് സമവായത്തിലൂടെ ഭൂമി ലഭിക്കാൻ സാധ്യതയില്ലെങ്കിൽ ഭൂമി വിലയ്ക്കെടുക്കൽ നിയമപ്രകാരം വസ്തു ആർജ്ജിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**തീരുമാനം :-** പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തപ്രകാരം നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിനോടു നിർദ്ദേശിക്കുന്നു. ഈ പ്രോജക്ട് ഉല്പാദന മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഉല്പാദന മേഖലയിൽ ഇത് ഉൾപ്പെടുത്താവുന്നതല്ല.

**(തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്)**

**2.2 ഖണ്ഡിക 4.40**

**നാദാപുരം ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.04.2022 ലെ കത്ത് (SRG 483/22 – CC/289/2021)**

| | | |
|---|---|---|
| *പ്രോ.നം: 142/22* | *അടങ്കൽ* | *5,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *ഹൈമാസ്റ്റ് ലൈറ്റ് വാങ്ങൽ* | |

ഹൈമാസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് 2018-19 ൽ ഉൾപ്പെടുത്തിയിരുന്നു. 2019-20 ൽ ഇതു പൂർത്തീകരിച്ചു. സാങ്കേതികാനുമതി കൂടാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. ഒപ്പം ഇതിന് ഗുണനിലവാര സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. അതിനാൽ ബിൽതുക നൽകാൻ കഴിയുന്നില്ല. നാദാപുരം താലൂക്കാശുപത്രി കോമ്പൗണ്ടിലും കല്ലാച്ചി പഴയ മാർക്കറ്റ് ജീപ്പ് സ്റ്റാന്റിനു സമീപവുമാണ് ലൈറ്റ് സ്ഥാപിച്ചത്. ടെണ്ടർ നടപടിക്രമം പാലിച്ച് പവർലൈൻ ഏജൻസീസ്, കോഴിക്കോട് എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി ഏല്പിച്ചത്. ലൈറ്റ് സ്ഥാപിക്കാൻ PWD റോഡ് ഡിവിഷൻ, KWA, BSNL, KSEB എന്നിവർക്കെല്ലാം NOC ക്കായി കത്തു നൽകിയെങ്കിലും ഇത് ലഭിച്ചില്ല. പ്രവൃത്തി ചെയ്ത ഏജൻസി ബിൽ തുക ലഭിക്കാൻ നിയമ നടപടിക്ക് ഒരുങ്ങുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ബിൽ തുക നൽകി പ്രശ്നം പരിഹരിക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നു സംബന്ധിച്ച്.

സാങ്കേതികാനുമതി ബന്ധപ്പെട്ട വകുപ്പ് / ഏജൻസിയുടെ NOC എന്നിവ ഇല്ലാതെ പ്രോജക്ട് നടപ്പാക്കിയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് എന്ന് 26.07.2022 ലെ യോഗം വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ യോഗം ചുമതലപ്പെടുത്തിയ പ്രകാരം ചീഫ് എഞ്ചിനീയർ 15.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്**:- സാങ്കേതികാനുമതി കൂടാതെയാണ് ടെണ്ടർ ചെയ്തത്. NOC നൽകേണ്ട BSNL, PWD, KWA തുടങ്ങിയ ഏജൻസിക്ക് കത്തും തുടർന്ന് ഓർമ്മക്കുറിപ്പും നൽകിയെങ്കിലും NOC ലഭിച്ചിട്ടില്ല. ലൈറ്റ് പരിശോധിച്ച് ഗുണനിലവാരം സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാ ഇലക്ട്രിക്കൽ പാനൽ ചെയർമാന് കത്തയച്ചുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയതിനാൽ പഞ്ചായത്തു ഡയറക്ടറുടെ റിപ്പോർട്ടു തേടി നടപടി സ്വീകരിക്കാവുന്നതാണ് എന്നു കൂടി ചീഫ് എഞ്ചിനീയർ അറിയിച്ചു.

**<u>15.10.2022 ലെ തീരുമാനം</u>**

1) സാങ്കേതികാനുമതിയും NOC യും കൂടാതെ പ്രവൃത്തി നടപ്പാക്കിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയാണെന്ന് യോഗം നിരീക്ഷിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.
2) ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റി ഇതിന്റെ പ്രവർത്തനക്ഷമത പരിശോധിക്കണം. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബിൽതുക നൽകാൻ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**<u>2.3 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.3 ഖണ്ഡിക 3.3</u>**

തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവിധ അക്കൗണ്ടുകളിൽ പല സ്കീമുകൾക്കായി ലഭിച്ച തുക ചെലവഴിക്കപ്പെടാതെ കിടക്കുന്നുണ്ട്. നിർത്തലാക്കപ്പെട്ട സ്കീമുകളുടെ ഇനി ചെലവഴിക്കാൻ കഴിയാത്ത തുകയുടെ വിശദാംശങ്ങൾ ഓരോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും വകുപ്പ മേധാവികൾ ശേഖരിക്കണം. ഗ്രാമപഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സംബന്ധിച്ച വിവരം പഞ്ചായത്ത് ഡയറക്ടറും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയുടെ വിവരം നഗരകാര്യ ഡയറക്ടറും ബ്ലോക്കു പഞ്ചായത്തുകളിലെ വിവരം ഗ്രാമവികസന കമ്മീഷണറും ശേഖരിച്ചു നൽകണം. ഓരോ വകുപ്പ് മേധാവികളും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ വിവരങ്ങൾ ആണ് നൽകേണ്ടത്. ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക ഏതു സ്കീമുകളിലാണെന്നു വ്യക്തമാക്കി വിവരങ്ങൾ ക്രോഡീകരിച്ചു നൽകണം. ഇതനുസരിച്ച് വകുപ്പ് മേധാവികൾ വിശദാംശം യോഗത്തിൽ നൽകി. ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

| **തദ്ദേശഭരണ സ്ഥാപനം** | **ചെലവഴിക്കപ്പെടാത്ത തുക സംബന്ധിച്ച വിവരം** |
|---|---|
| ഗ്രാമപഞ്ചായത്ത് | 42,78,71,361 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | 3,47,76,440 രൂപ (ഐ.എ.വൈ വിഹിതം കുറവ് ചെയ്ത്) |
| ജില്ലാ പഞ്ചായത്ത് | 24,66,95,088 രൂപ |
| മുനിസിപ്പാലിറ്റി | 29,75,31,915 രൂപ |
| കോർപ്പറേഷൻ | 10,88,89,842 രൂപ |

**15.10.2022 ലെ തീരുമാനം**

വിവിധ പദ്ധതികൾക്കായി ലഭിച്ചതിൽ മിച്ചമുള്ള ആകെ തുകയാണ് മുകളിൽ പറയുന്നത്. ഓരോ സ്കീമിനും ലഭിച്ച (പ്രത്യേകം പ്രത്യേകം) ചെലവഴിക്കപ്പെടാതെ കിടക്കുന്ന ആകെ തുക എത്രയാണെന്ന് ക്രോഡീകരിച്ച് വകുപ്പ് മേധാവികൾ നൽകണം. പിന്നീടുള്ള ആവശ്യത്തിനായി തദ്ദേശഭരണസ്ഥാപനം തിരിച്ച് ഈ വിവരം ശേഖരിച്ച് വകുപ്പ് മേധാവികൾ സൂക്ഷിക്കേണ്ടതാണ്. ഈ വിവരം ലഭിച്ചതിനുശേഷം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ വീണ്ടും പരിഗണിക്കുന്നതാണ്.

**നടപടി :- 1) പഞ്ചായത്ത് ഡയറക്ടർ**
**2)നഗരകാര്യഡയറക്ടർ**
**3)ഗ്രാമവികസന കമ്മീഷണർ**
**4)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**<u>2.3.ഖണ്ഡിക 3.6</u>**

വിശപ്പുരഹിത കേരളം പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. ചില ജനകീയ ഹോട്ടലുകളിൽ കുടുംബശ്രീ നൽകേണ്ട ധനസഹായ തുക ലഭിക്കുന്നില്ല എന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് ഇങ്ങനെ ധനസഹായം ലഭിക്കാത്ത ജനകീയ ഹോട്ടലുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് ലിസ്റ്റായി നൽകാനും തുടർ നടപടി സ്വീകരിക്കാനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം 15.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട്:</u>-** ആകെ 1194 ജനകീയഹോട്ടലുകളാണ് ഉള്ളത്. ഇതുവരെ (മുൻവർഷങ്ങളിലേതു കൂടി ചേർത്ത്) ആകെ 93.64 കോടി രൂപ ജനകീയ ഹോട്ടലുകൾക്ക് നൽകിയിട്ടുണ്ട്. ഈ വർഷം 60 കോടി രൂപ ആവശ്യമായി വരും എന്നു പ്രതീക്ഷിക്കുന്നു. ഇതുവരെ 20.00 കോടി രൂപ നൽകി. 19.94 കോടി രൂപയുടെ സബ്സിഡി അപേക്ഷകൾ പെന്റിംഗ് ഉണ്ട്. ഇതിനായി 30.00 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിനു നൽകിയിട്ടുണ്ട്. പെന്റിംഗ് ആയുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ലയുടെ പേര് | അനുവദിക്കേണ്ട സബ്സിഡി തുക (രൂപ) |
|---|---|---|
| 1 | തിരുവനന്തപുരം | 4,17,66,080 |
| 2 | കൊല്ലം | 1,00,00,000 |
| 3 | ആലപ്പുഴ | 75,04,910 |
| 4 | പത്തനംതിട്ട | 1,58,31,150 |
| 5 | കോട്ടയം | 75,00,000 |
| 6 | ഇടുക്കി | 62,00,000 |
| 7 | എറണാകുളം | 2,62,99,525 |
| 8 | തൃശ്ശൂർ | 2,00,00,000 |
| 9 | പാലക്കാട് | 2,05,00,000 |
| 10 | മലപ്പുറം | 1,10,00,000 |

| | | |
|---|---|---|
| 11 | കോഴിക്കോട് | 70,00,000 |
| 12 | വയനാട് | 1,64,50,280 |
| 13 | കണ്ണൂർ | 56,00,000 |
| 14 | കാസർകോഡ് | 37,50,410 |
| | **ആകെ** | **19,94,02,355** |

**15.10.2022 ലെ തീരുമനം**

മുകളിൽ പറഞ്ഞ 19.94 കോടി രൂപ കൂടി ചേർത്ത് ആകെ 40.00 കോടി രൂപയോളം അടുത്ത മാർച്ചുവരെയുള്ള സബ്സിഡി നൽകാൻ ആവശ്യമായി വരുമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. ജനകീയ ഹോട്ടലുകൾക്ക് നൽകേണ്ട തുക മുടക്കം കൂടാതെ നൽകേണ്ടതാണെന്ന് യോഗം വിലയിരുത്തി. അതിനാൽ ഇതിൽ പ്രത്യേക പ്രാധാന്യത്തോടെ നടപടി സ്വീകരിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ യോഗം തീരുമാനിച്ചു. ഇത് പരിശോധിക്കാമെന്ന് ധനവകുപ്പ് പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഫയൽ വീണ്ടും ധനവകുപ്പിനയയ്ക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചു.

**നടപടി :- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**2)ധനവകുപ്പ്**
**3) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**2.3 ഖണ്ഡിക 4.4**

**ഗോത്ര സാരഥി**

**പഞ്ചായത്ത് ഡയറക്ടറുടെ 07.07.2022 ലെ PAN / 21113/2018 – J1 (DP)** നമ്പർ കത്ത് **(SRG 664/22).**

പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ പോകാൻ സൗകര്യം ഒരുക്കുന്നതിനുള്ളതാണ് ഗോത്രസാരഥി പദ്ധതി. ഇത് പട്ടികവർഗ്ഗ വികസന വകുപ്പ മുഖേനയാണ് നടത്തിയിരുന്നത്. എന്നാൽ 2020–21 മുതൽ തദ്ദേശഭരണസ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും കൂടി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. റ്റി.എസ്.പി വിഹിതം കുറവായതിനാൽ ചിലപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടാണ്. കഴിഞ്ഞ വർഷം 2.54 കോടി രൂപ മാത്രമാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്രസാരഥി പദ്ധതിയ്ക്കായി മാറ്റി വച്ചത്.

ഗോത്രസാരഥി പദ്ധതിയ്ക്കാവശ്യമായ തുകയുടെ 50 ശതമാനമെങ്കിലും പട്ടികവർഗ്ഗ വികസന വകുപ്പ് മാറ്റി വയ്ക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിലവിലുള്ള സ്ഥലങ്ങളിൽ ഇവരെ തന്നെ ഗോത്രസാരഥി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കണമെന്നതും സംബന്ധിച്ച്.

**21.08.2022 ലെ തീരുമാനം**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികവർഗ്ഗ വികസനവകുപ്പ് മാറ്റി വച്ചിരിക്കുന്ന ശീർഷകത്തിൽ നിന്ന് ഗോത്രസാരഥി പദ്ധതിക്കായി തുക മാറ്റിവയ്ക്കാമെന്നും ഇതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്കയച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ പ്രതിനിധി 21.08.2022 ലെ യോഗത്തിൽ അറിയിച്ചു. ഇതനുസരിച്ച് വിഹിതം ബന്ധപ്പെട്ട

ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന ജില്ലകൾക്ക് നൽകാൻ നടപടി സ്വീകരിക്കണമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടറോട് നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർനടപടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണമെന്ന് 21.08.2022 ലെ യോഗം നിർദ്ദേശിച്ചിരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഗുണഭോക്തൃലിസ്റ്റ് അന്തിമമാക്കണമെന്നും ഇതനുസരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം താഴേക്കു നൽകാമെന്നും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രതിനിധി 15.10.2022 ലെ യോഗത്തിൽ അറിയിച്ചു.

<u>15.10.2022 ലെ തീരുമാനം</u>

ഓരോ തദ്ദേശഭരണസ്ഥാപനത്തിലും ഇത്തരത്തിലുള്ള പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഗുണഭോക്തൃലിസ്റ്റ് TDO/TEO യും തദ്ദേശഭരണസ്ഥാപനത്തിലെ റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനും സംയുക്തമായി പരിശോധിച്ച് അന്തിമമാക്കണം. ഇതനുസരിച്ച് പട്ടികവർഗ്ഗ വികസന ഡയറക്ടർ വിഹിതം TDO മാർക്ക് കൈമാറണം. ഇങ്ങനെ കൈമാറി ലഭിക്കുന്ന തുക ആവശ്യമായ തുകയേക്കാൾ കുറവാണെങ്കിൽ കുറവ് എത്രയാണെന്നു കണക്കാക്കി ആ വിഹിതം ഗോത്രസാരഥി പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് അതതു തദ്ദേശഭരണസ്ഥാപനം വകയിരുത്തണം. ഇതിന്മേൽ സ്വീകരിച്ച നടപടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പട്ടികവർഗ്ഗ വികസന ഡയറക്ടർ നൽകണം. ഇതിനാവശ്യമായ നിർദ്ദേശം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകണം. ഇത് പഞ്ചായത്ത് ഡയറക്ടർ പ്രത്യേകമായി മോണിറ്റർ ചെയ്യണം.

**നടപടി:- 1)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**<br>
**2)പഞ്ചായത്ത് ഡയറക്ടർ**<br>
**3) നഗരകാര്യ ഡയറക്ടർ**<br>
**4)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**<u>2.3 ഖണ്ഡിക 4.16</u>**

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

MGNREGS **മിഷൻ ഡയറക്ടറുടെ 18.08.2020 ലെ 52996/**E/2022/REGS (1) **നമ്പർ കത്തും അനുബന്ധരേഖകളും (SRG 642/22 –** LSGD **– DD2/214/2020 / LSGD).**

1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന വീട്ടു നിർമ്മാണ യൂണിറ്റുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് വെണ്ടർ ആയി പ്രവർത്തിക്കുന്നതിന് **CDS** കൾക്ക് 13.08.2018 ലെ 110/2018/തസ്വഭവ ഉത്തരവു പ്രകാരം അനുമതിയുണ്ട്. മറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികളുടെ യൂണിറ്റുകൾക്കും സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് വെണ്ടർമാരായി **CDS** കൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

വെണ്ടർ എന്ന നിലയിൽ സി.ഡി.എസിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി ചുമതലപ്പെടുത്തിയ പ്രകാരം 15.10.2022 ലെ യോഗത്തിൽ റിപ്പോർട്ട് നൽകി.

**<u>15.10.2022 ലെ റിപ്പോർട്ട്:-</u>** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന വീടുനിർമ്മാണ യൂണിറ്റുകൾക്ക് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിലേക്ക് സി.ഡി.എസ്സുകൾ വെണ്ടർമാരായി പ്രവർത്തിക്കുന്നുണ്ട്. മറ്റ് ആസ്തി നിർമ്മാണ യൂണിറ്റുകൾക്കു കൂടി നിർമ്മാണ സാമഗ്രികൾ വിതരണംചെയ്യുന്നതിന് വെണ്ടർമാരായി സി.ഡി.എസിനെ നിശ്ചയിക്കാവുന്നതാണ്.

**<u>15.10.2022 ലെ തീരുമാനം</u>**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന വീട്ടു നിർമ്മാണ യൂണിറ്റുകൾക്കൊപ്പം മറ്റ് ആസ്തി നിർമ്മാണ യൂണിറ്റുകൾക്കും വെണ്ടർമാരെന്ന നിലയിൽ സി.ഡി.എസുകൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്യാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**<u>2.3 ഖണ്ഡിക 4.24</u>**

**<u>നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്</u>**

**പഞ്ചായത്ത് ഡയറക്ടറുടെ 13.07.2022 ലെ** PAN/10333/2022-J2(DP) **നമ്പർ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2022 ലെ** A4-595/2021-**ലെ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.02.2022 ലെ 6/4, 24.03.2022 ലെ 9/1- എന്നീ നമ്പറായുള്ള തീരുമാനങ്ങളും അനുബന്ധരേഖകളും (SRG 687/22)**

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് **2021-**22 വർഷം പട്ടികവർഗ്ഗ വിഭാഗത്തിലെ 90 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് പ്രോജക്ട് എടുത്തിരുന്നു. 6.00 ലക്ഷം രൂപ വീതമാണ് നൽകുന്നത്. ഇതിനായി ആകെ 5.40 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ പുല്ലുകാട് കോളനി പ്രദേശത്തുള്ള ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ഒരേക്കർ വീതം ഭൂമി സർക്കാർ നൽകിയിട്ടുണ്ട്. ഈ സ്ഥലത്താണ് വീട് നിർമ്മിച്ചു നൽകുന്നത്. ഈ വീടുകൾ നിർമ്മിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് മരുതംകുഴി, തിരുവനന്തപുരം എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വീടുകളുടെ ഗുണഭോക്തൃസമിതി പ്രസിഡന്റ്, ഏജൻസിയുടെ ഡയറക്ടർ എന്നിവരുമായി 25.03.2022 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടു. കൂടാതെ ഭവനനിർമ്മാണത്തിന്റെ ആദ്യഗഡുവെന്ന നിലയിൽ 1,07,28,229 രൂപ ഏജൻസിക്കു കൈമാറി (റ്റി.എസ്.പി വിഹിതം 3,21,000 രൂപയും വികസനഫണ്ട് 1,04,07,229 രൂപയും). സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പ് ലൈഫ് പദ്ധതിക്കുള്ള തുക നഷ്ടപ്പെടാതിരിക്കാനാണ് 24.03.2022 ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം തുക കൈമാറിയതെന്നറിയിച്ചുകൊണ്ട് ഇതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു

**<u>21.08.2022ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം</u>**

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസിക്ക് വീട്ടു നിർമ്മാണത്തിനുള്ള അക്രഡിറ്റേഷൻ ഇല്ല എന്ന് യോഗം നിരീക്ഷിച്ചു. സുസ്ഥിര നഗരവികസനം, നഗരവികസന പദ്ധതി രേഖ തയ്യാറാക്കൽ, വികസന മാതൃക തയ്യാറാക്കൽ, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ എന്നീ മേഖലയ്ക്കു മാത്രമാണ് മുകളിൽ പറഞ്ഞ ഏജൻസിക്ക്

06.01.22 മുതൽ മൂന്നുവർഷത്തേക്ക് അക്രഡിറ്റേഷൻ ഉള്ളത്. ലൈഫ് ഭവന പദ്ധതിയിൽ ഭവന സമുച്ചയം ടെണ്ടറിലൂടെ ഏല്പിക്കാൻ അനുമതിയുണ്ടെങ്കിലും വ്യക്തിഗത ഭവനങ്ങൾ ഇപ്രകാരം ഏജൻസികളെ ഏല്പിക്കാൻ അനുമതി ഇല്ല എന്നും യോഗം വിലയിരുത്തി.

ഇത് പരിശോധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണമെന്ന് 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ച പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 15.10.2022 ലെ യോഗത്തിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**15.10.2022 ലെ റിപ്പോർട്ട്** :- ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട 31.07.2017 ലെ 151/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈഫ് പദ്ധതി വ്യക്തിഗത ഭവന നിർമ്മാണം സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു വാർഡിലേയോ/ ഒരു തദ്ദേശസ്വയം ഭരണസ്ഥാപനത്തിലേയോ ഏറ്റവും ദരിദ്രരായ ഭവനരഹിതർക്ക്, അവർക്ക് മാത്രമായി ഭവനം നിർമ്മിക്കാൻ കഴിയുന്നില്ലായെങ്കിൽ ഭവന നിർമ്മാണം, പൂർണ്ണമായി ലാഭേച്ഛയില്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന സംഘടനാ / സ്ഥാപനങ്ങൾ എന്നിവരെ ഏൽപ്പിക്കാവുന്നതാണ്. അത്തരക്കാരെ കണ്ടെത്തി അവരെ ഏൽപ്പിക്കുന്നതിന്റെ പൂർണ്ണ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനായിരിക്കുന്നതാണ്. ഇത്തരത്തിലുള്ള സ്ഥാപനത്തിന്റെ യോഗ്യതയേയും വിശ്വാസ്യതയേയും സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സംശയമില്ലാത്ത പക്ഷം ബന്ധപ്പെട്ട ഗുണഭോക്താവിന് നൽകേണ്ട തുക തദ്ദേശസ്വംയഭരണ സ്ഥാപനത്തിന് പ്രസ്തുത സ്ഥാപനത്തിന് കൈമാറാവുന്നതാണ്. ആയതിന് ബന്ധപ്പെട്ട ഗുണഭോക്താവിന്റെ സമ്മതം തദ്ദേശസ്വയംഭരണ സ്ഥാപനം നേടിയിരിക്കേണ്ടതാണ്. ആവശ്യമാകുന്ന പക്ഷം ധനസഹായത്തിന്റെ 50% തുക മുൻകൂറായി ഇത്തരത്തിലുള്ള നിർവ്വഹണ ഏജൻസിക്ക് നൽകാവുന്നതും, ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപനം കരാർ ഉണ്ടാക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർമാരുടെ മേൽനോട്ടം നിർമ്മാണഘട്ടത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.

കൂടാതെ ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് 16.03.2018 ലെ സർക്കാർ പുറപ്പെടുവിച്ച 34/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്വ പ്രകാരം (ഖണ്ഡിക 9) നേരിട്ടുള്ള നിർമ്മാണവും ഏജൻസി മുഖേനയുള്ള നിർവ്വഹണ രീതിയും അവലംബിക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

ഇതനുസരിച്ച് നേരിട്ട് ഭവനനിർമ്മാണം നടത്തുവാൻ കഴിയാത്തവർക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള ഏജൻസികൾ/ കരാറുകാർ എന്നിവർ മുഖേന, ഗുണഭോക്താക്കളുടെ സമ്മതത്തോടെ ഭവനനിർമ്മാണം നടത്താവുന്നതാണ്. ഇതിലേക്കായി കുടുംബശ്രീ മുഖേന വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കിയ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ, സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ, പട്ടിക വർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എന്നിവരെ അംഗീകൃത ഏജൻസിയായി പരിഗണിച്ച് ഇത്തരം വീടുകളുടെ ഭവന നിർമ്മാണ ചുമതല നൽകാവുന്നതാണെന്നും ഇതിനായി സി.പി. ഒഴിവാക്കി

ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഏജൻസി മുഖേന ചെയ്യുമ്പോൾ ഗുണഭോക്താവും ഏജൻസിയും / കരാറുകാരനും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതും തുക കരാറുകാരന് 4 ഘട്ടങ്ങളായി നൽകാവുന്നതുമാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിനായി കണ്ടെത്തിയ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന സ്ഥാപനം മുകളിൽ പറഞ്ഞ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിട്ടുള്ള തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണോയെന്നും ഈ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട് എന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

**<u>15.10.2022 ലെ തീരുമാനം</u>** :- ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്ത പ്രകാരം റിപ്പോർട്ടിൽ പരാമർശിക്കുന്ന 31.07.2017, 16.03.2018 എന്നീ തീയതികളിലെ ഉത്തരവു പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണോ തുക ഡിപ്പോസിറ്റ് ചെയ്തതെന്നും നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ എന്നതുമടക്കമുള്ള വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**
**തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**<u>2.3 ഖണ്ഡിക 4.31</u>**

**<u>പഞ്ചായത്ത് ഡയറക്ടർ</u>**

**പഞ്ചായത്ത് ഡയറക്ടറുടെ 10.08.2022 ലെ PAN /23922/18/J2/DD നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയും**

43 ഗ്രാമപഞ്ചായത്തുകൾക്കായി വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ലഭിച്ചിട്ടുള്ള 6,80,40,988/- രൂപ വിവിധ ബാങ്കുകളിലായി ചെലവഴിക്കാതെ കിടപ്പുണ്ട്. (ഓരോ ഗ്രാമപഞ്ചായത്തുകളുടെയും വിവരം 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ മിനിറ്റ്സിൽ ഉണ്ട്) ഇ.എം.എസ് ഭവനപദ്ധതി, എം.എൻ ലക്ഷം വീട് പദ്ധതി, പി.എം.എ.വൈ, ജനകീയ ഭവനപദ്ധതി, സംസ്ഥാന സർക്കാർ പ്രത്യേകമായി നൽകിയ ഭവന നിർമ്മാണ ധനസഹായം മുതലായവയിൽ ചെലവഴിക്കാതെ കിടക്കുന്നതാണ് ഈ വിഹിതം. ഓരോ ഗ്രാമപഞ്ചായത്തിലും ഇപ്രകാരം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയടക്കമുള്ള വിവരങ്ങൾ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടർ നൽകിയിരുന്നു. ഈ തുക ലൈഫ് ഭവനപദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

പഞ്ചായത്ത് ഡയറക്ടർ നൽകിയ 43 തദ്ദേശഭരണസ്ഥാപനങ്ങളുടെ ലിസ്റ്റിൽ വട്ടവടഗ്രാമപഞ്ചായത്ത് ഒഴികെയുള്ള 42 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചെലവഴിക്കാതെ കിടക്കുന്ന വിഹിതം ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കാൻ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകിയിരുന്നു.

വട്ടവട ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പ് നൽകിയ 2.24 കോടി രൂപ ചെലവഴിക്കാതെയുണ്ട്. ആകെ 3.24 കോടി രൂപയാണ് വീട്ടു നിർമ്മാണത്തിന് പട്ടികജാതി വികസന വകുപ്പ് നൽകിയതെന്നും ഇതിൽ 1.00 കോടി രൂപ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പിനു കൈമാറിയിട്ടുണ്ടെന്നും യോഗം നിരീക്ഷിച്ചു. ഇതിന്റെ ഇപ്പോഴത്തെ അവസ്ഥയടക്കം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ 21.08.2022 കോഓർഡിനേഷൻ കമ്മിറ്റിയോഗം ചുമതലപ്പെടുത്തിയിരുന്നു.

**റിപ്പോർട്ട്:-** ഈ വിഷയം ചർച്ച ചെയ്യാൻ 20.10.2022 ന് ഇടുക്കി ജില്ലാകളക്ടർ യോഗം വിളിച്ചിട്ടുണ്ടെന്നും ഇതിനു ശേഷം റിപ്പോർട്ട് നൽകാമെന്നും 15.10.2022 ലെ യോഗത്തിൽ പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. ഇതനുസരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകണം.

**നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**2.3 ഖണ്ഡിക 4.65**

**സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി**

**വയനാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.05.2022 ലെ കത്തും സുൽത്താൻ ബത്തേരി നഗരസഭാ സെക്രട്ടറിയുടെ 11.5.22 - ലെ PH1-5875/2021-ാം നമ്പർ കത്തും (SRG 593/22 - CC/352/22)**

| | | |
|---|---|---|
| ***പ്രോ.നം: 290/21*** | ***അടങ്കൽ*** | ***6,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | *കൊവിഡ് പ്രതിരോധം - പി.എച്ച്.സി സെന്ററിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും* | |

കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന് പി.എച്ച്.സിയിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും എന്ന പ്രോജക്ടിൽ നിന്നു 250 പൾസ് ഓക്സിമീറ്റർ വാങ്ങി. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥസ്ഥൻ മെഡിക്കൽ ഓഫീസറാണ്. കൊവിഡ് രണ്ടാം ഘട്ടത്തിൽ ഡി.സി.സി, ഹോം ക്വാറന്റൈൻ എന്നിവ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇത് വാങ്ങിയത്. കൊവിഡ് സാഹചര്യമായതിനാൽ ടെണ്ടർ ഒഴിവാക്കി ആർട്ടിസാൻ ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് (**ARTCO)** മുഖേനയാണ് വാങ്ങിയത്. എന്നാൽ പൾസ് ഓക്സിമീറ്റർ ടെണ്ടർ കൂടാതെ **ARTCO** മുഖേന വാങ്ങാവുന്നതല്ല. അതിനാൽ ഇതിന്റെ വിലയായ 5,04,000 രൂപ ഇതുവരെ നൽകിയില്ല. **ARTCO** വഴി ഇതു വാങ്ങിയതിന് സാധൂകരണം നൽകി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഇതിന്റെ വില, ഗുണനിലവാരം, ഇപ്പോൾ എവിടെയാണ് പൾസ് ഓക്സിമീറ്റർ സൂക്ഷിച്ചിരിക്കുന്നത്, ഏതു സാഹചര്യത്തിലാണ് **ARTCO** യിൽ നിന്ന് ഇത് വാങ്ങിയത് എന്നിവയടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

**15.10.2022 ലെ റിപ്പോർട്ട്:-** പൾസ് ഓക്സിമീറ്റർ ലഭിക്കാൻ തന്നെ ബുദ്ധിമുട്ടുള്ള കൊവിഡ് മഹാമാരിയുടെ സമയത്താണ് ഇപ്രകാരം പൾസ് ഓക്സിമീറ്റർ **ARTCO** മുഖേന വാങ്ങിയതെന്ന്

ഹെൽത്ത് ഡയറക്ടർ 15.10.2022 ലെ യോഗത്തിൽ അറിയിച്ചു. ഒരെണ്ണത്തിന് 800 രൂപ നിരക്കിലാണ് വാങ്ങിയതെന്നും ഗുണനിലവാരമുള്ളവയാണെന്നും ആകെ വാങ്ങിയ 250 എണ്ണത്തിൽ 230 എണ്ണവും ഇപ്പോഴും ഉപയോഗപ്രദമാണെന്നും ആരോഗ്യ വകുപ്പ ഡയറക്ടർ അറിയിച്ചു.

**തീരുമാനം :-** കൊവിഡ് മഹാമാരിയുടെ ഘട്ടത്തിലാണ് ഇവ വാങ്ങിയതെന്നുകൂടി പരിഗണിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൾസ് ഓക്സീമീറ്റർ വാങ്ങിയതിന് സാധൂകരണം നൽകി തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**2.3 ഖണ്ഡിക 4.66**

**കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ കളക്ടറുടെ 31.05.2022 ലെ 82898/22/DPC/DPO/KTM നമ്പർ കത്തും IRTC ഡയറക്ടറുടെ 28.05.2022 ലെ കത്തും 27.07.2015- ലെ 2303/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും (SRG 679/22)**

കോട്ടയം ജില്ലയുടെ മലയോര പ്രദേശത്തെ 19 ഗ്രാമപഞ്ചായത്തുകളിൽ ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മുഖ്യ നിർവ്വഹണ ഏജൻസിയായി സംയുക്തമായാണ് പ്രോജക്ട നടപ്പാക്കുന്നത്. വകയിരുത്തൽ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് (19) | 20,90,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് (5) | 12,70,000 രൂപ |
| ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | 2,50,000 രൂപ |
| ജില്ലാ പഞ്ചായത്ത് | 10,00,000 രൂപ |
| **ആകെ** | **46,10,000 രൂപ** |

ഇരുപത് ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ ജില്ലാ പഞ്ചായത്തിൽ സ്ഥാപിക്കുന്ന സെർവർ വഴി ക്രോഡീകരിച്ച് ദുരന്ത നിവാരണ അതോറ്റിക്കും, തദ്ദേശഭരണസ്ഥാപനങ്ങൾക്കും, ജനങ്ങൾക്കും തത്സമയം അറിയുവാൻ സാധിക്കുന്ന ഒരു നെറ്റ് വർക്ക് സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് പാലക്കാട് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനം വഴിയാണ് നടപ്പാക്കുന്നത്. ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഡേറ്റ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനുമുള്ള സാങ്കേതിക വൈദഗ്ധ്യവും ശേഷിയും ഉണ്ടെന്നും 'നീർത്തട വികസനപ്രവർത്തനത്തിന്' സർക്കാർ അക്രഡിറ്റേഷൻ ഉണ്ടെന്നും IRTC ജില്ലാ ആസൂത്രണ സമിതിയെ അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് IRTC മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**21.08.2022 ലെ തീരുമാനം :-** ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ സ്ഥാപിക്കേണ്ട സ്ഥലം നിർണ്ണയിക്കേണ്ടത് Kerala State Disaster Management Authority യുടെ കൂടി അഭിപ്രായമാരാഞ്ഞാണ്. വെതർസ്റ്റേഷനിൽ സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ മെയിന്റനൻസ്, ഒപ്പം വെതർസ്റ്റേഷന്റെ ദൈനംദിന പരിപാലനം എങ്ങനെയാണ് എന്നു തുടങ്ങിയ കാര്യങ്ങൾ വ്യക്തമല്ല. ഈ സാഹചര്യത്തിൽ KSDMA മെമ്പർ സെക്രട്ടറിയുടെ കൂടി അഭിപ്രായമാരാഞ്ഞ്

പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു. നിർവ്വഹണം ഏത് ഏജൻസിയെ ഏൽപ്പിക്കണം, **Indian Metrological Department**ന് ശേഖരിക്കുന്ന വിവരങ്ങൾ എങ്ങനെ കൈമാറും എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ **KSDMA** യെ ചുമതലപ്പെടുത്തി.

ഇതനുസരിച്ച് **KSDMA** മെമ്പർ സെക്രട്ടറി വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങളും മറ്റ വിശദാംശങ്ങളും 15.10.2022 ലെ യോഗത്തിൽ അവതരിപ്പിച്ചു.

**15.10.2022 ലെ തീരുമാനം**

**KSDMA** മെമ്പർ സെക്രട്ടറി അവതരിപ്പിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി വിശദാംശങ്ങൾ റിപ്പോർട്ട് ആയി നൽകണം. ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്.

**നടപടി:- 1) മെമ്പർ സെക്രട്ടറി, KSDMA**
**2)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**2.3 ഖണ്ഡിക 4.72**

**പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.07.2022 ലെ കത്തും ശുചിത്വമിഷൻ ആലപ്പുഴ ജില്ലാ കോഓർഡിനേറ്ററുടെ 10.06.2022 ലെ** DS (SM)66/19/1-ാം **നമ്പർ കത്തും പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022 ലെ 1(9)-ാം നമ്പർ തീരുമാനവും അനുബന്ധമായി ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും (SRG 668/22- CC /372/22).**

ഖര-ദ്രവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി താഴെ പറയുന്ന 5 പ്രോജക്ടുകൾ 2021-22 വർഷം പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്നു. ഇതിൽ 4 പ്രോജക്ടുകളിലായി 100 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു. 2864 ബയോബിന്നുകളും വിതരണം ചെയ്തു. ഈ പ്രവൃത്തി ബിഡ്ഡിംഗ് കൂടാതെ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ **(IRTC)** പാലക്കാടിനെയാണ് ഏല്പിച്ചത്. ബിഡ്ഡിംഗ് കൂടാതെ **IRTC** - യെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്ത നടപടിക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വികസന ഫണ്ട് ജനറൽ രൂപ | തനത് ഫണ്ട് | ഗുണഭോക്തൃ വിഹിതം രൂപ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (റ്റൈഡ്) രൂപ | ആകെ രൂപ |
|---|---|---|---|---|---|---|---|
| 1 | 38/22 | ബയോഗ്യാസ് പ്ലാന്റ് 0.5**M3** | 96,880 | 3,920 | 46,200 | 0 | 1,47,000 |
| 2 | 126/22 | ബയോഗ്യാസ് പ്ലാന്റ് 0.5**M3** | 0 | 0 | 59,400 | 1,29,600 | 1,89,000 |
| 3 | 121/22 | ബയോഗ്യാസ് പ്ലാന്റ് 0.75**M3** | 1,51,200 | 0 | 1,00,800 | 0 | 2,52,000 |
| 4 | 118/22 | ബയോഗ്യാസ് പ്ലാന്റ് 1**M3** | 3,38,400 | 0 | 2,96,100 | 0 | 6,34,500 |
| 5 | 113/22 | ബയോബിൻ | 0 | 1440 | 5,15,520 | 46,38,240 | 51,55,200 |
| | | **ആകെ** | **5,86,480** | **5,360** | **10,18,020** | **47,67,840** | **63,77,700** |

നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന സമയത്ത് IRTC അല്ലാതെ മറ്റ് അക്രഡിറ്റഡ് ഏജൻസി ഉണ്ടായിരുന്നോ എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി ചുമതലപ്പെടുത്തിയ പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ 15.10.2022 ലെ യോഗത്തിൽ റിപ്പോർട്ട് നൽകി.

**15.10.2022 ലെ യോഗത്തിൽ നൽകിയ റിപ്പോർട്ട്:**- IRTC യുമായി ഗ്രാമപഞ്ചായത്ത് എഗ്രിമെന്റ് വച്ചത് 2021 ഡിസംബർ 23, 24, 29 തീയതികളിലായാണ്. ഈ സമയത്ത് IRTC ക്കും 'റെയ്ഡ്കോയ്ക്കും' ഖരമാലിന്യ സംസ്കരണ മേഖലയിൽ അക്രഡിറ്റേഷൻ ഉണ്ടായിരുന്നു. പ്രത്യേക പരിഗണന നൽകി സാധൂകരണം നൽകാവുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തു.

**തീരുമാനം :-** ബിഡ്ഡിംഗ് നടത്തേണ്ടതായിരുന്നു എന്ന് യോഗം നിരീക്ഷിച്ചു. എങ്കിലും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കൂടി ശുപാർശ ചെയ്ത പ്രകാരം സാധൂകരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

**2.3 ഖണ്ഡിക 4.73**

**മലപ്പുറം ജില്ലാ പഞ്ചായത്ത്**

**ബഹു.രാജ്യസഭ എം.പി. ശ്രീ അബ്ദുൾ വഹാബിന്റെ 18.08.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2022 ലെ DP/MPM/20/2022-ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.08.2022 ലെ 1(11)-ാം നമ്പർ തീരുമാനവും (SRG 798/22).**

| | | |
|---|---|---|
| *പ്രോ.നം: 831/23* | *അടങ്കൽ* | *99,00,000 രൂപ* (*മറ്റ് വിഭാഗം ഫണ്ട്*) |
| *പേര്* | *നിലമ്പൂർ ബഡ്സ് സ്കൂളിന്റെ ഹോസ്റ്റലിന് പുതിയ കെട്ടിട നിർമ്മാണം* | |

ഏറനാട് ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ നിലമ്പൂർ നഗരസഭാ പ്രദേശത്ത് "സ്കൂൾ ഫോർ ഹിയറിംഗ് ഇംപയേർഡ്" എന്ന പേരിൽ ഒരു ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. 2005 ൽ ഇതിന് സർക്കാരിൽ നിന്ന് എയ്ഡഡ് പദവി ലഭിച്ചിട്ടുണ്ട്. 102 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിലെ 50 കുട്ടികൾ ട്രസ്റ്റ് വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടത്തിലാണ് താമസിക്കുന്നത്. ഈ സ്കൂളിന് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. ഇതു നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി:- 1) ധനവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**<u>3. പൊതുവിഷയം</u>**

**1) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം**

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി– ധനസഹായ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകാനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് 75000 രൂപ നിരക്കിൽ ധനസഹായം നൽകാം. പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകാവുന്നത് 1,00,000 രൂപയാണ്. മാർഗ്ഗരേഖ തയ്യാറാക്കിയപ്പോൾ പട്ടികജാതി വകുപ്പ് നൽകികൊണ്ടിരുന്ന ധനസഹായ തുക 75,000 രൂപയായിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 30.08.2022 ലെ 43/2022/പജപവവിവ–നമ്പർ ഉത്തരവു പ്രകാരം പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ നിരക്ക് 1.25 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വകുപ്പ് നൽകുന്ന ധനസഹായവും തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ധനസഹായവും ഏകീകരിക്കണമെന്നതാണ് പതിമൂന്നാം പഞ്ചവത്സരപദ്ധതി മുതൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നയം.

ഈ സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്കു നൽകുന്ന വിവാഹ ധനസഹായതുക 1.25 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കും വിവാഹ ധനസഹായം ഈ നിരക്കിൽ നല്കാവുന്നതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി – ധനസഹായ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നതു പോലെ പട്ടികജാതി വിഭാഗത്തിന് 3.00 ലക്ഷം രൂപ വാർഷിക വരുമാനമെന്നതടക്കമുള്ള മറ്റു മാനദണ്ഡങ്ങൾ പാലിക്കണം. എന്നാൽ പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാനപരിധി ഇല്ല. തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്ന ഈ നിരക്ക് 15.10.2022 നുശേഷം നടക്കുന്ന വിവാഹത്തിനാണ് ബാധകമായിരിക്കുന്നത്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) 2022–23 ലെ പദ്ധതി നിർവ്വഹണം – അവലോകനം**

(i) ഈ വർഷത്തെ പദ്ധതി നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവും ആക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. ഫെബ്രുവരി അവസാനത്തോടെ പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തിയാക്കി മാർച്ച് ആദ്യവാരം തന്നെ ബില്ലുകൾ ട്രഷറിക്കു സമർപ്പിക്കുന്ന രീതിയിലേയ്ക്ക് പ്രോജക്ടുകളുടെ നിർവ്വഹണം ചിട്ടപ്പെടുത്തണം. ഇതിനായി ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിൽ പദ്ധതി നിർവ്വഹണം അവലോകനം ചെയ്യണം. ജില്ലാതല അവലോകനത്തിനു പകരം ബ്ലോക്കു തലത്തിലും മുനിസിപ്പൽ തലത്തിലും അവലോകനം സംഘടിപ്പിക്കണം. ബ്ലോക്കുതല അവലോകനത്തിൽ ബ്ലോക്കു പഞ്ചായത്തിലെയും ബ്ലോക്കു പഞ്ചായത്തു മേഖലയിലെ ഗ്രാമപഞ്ചായത്തുകളിലെയും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരേയും പ്രസിഡന്റുമാരേയും ഉൾപ്പെടുത്തി അവലോകനം ചെയ്യുന്ന രീതിയാണ് സ്വീകരിക്കേണ്ടത്. പ്രോജക്ട് നിർവ്വഹണത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ

വിലയിരുത്തി പ്രത്യേക ഇടപെടൽ നടത്തണം. എസ്.സി.പി, റ്റി.എസ്.പി പ്രോജക്ടുകൾ പ്രത്യേകം അവലോകനം ചെയ്യണം.

(ii) അവലോകന യോഗങ്ങളിൽ കഴിവതും ജില്ലാകളക്ടർ പങ്കെടുക്കണം. ജില്ലാ കളക്ടർക്ക് പങ്കെടുക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ ജില്ലാ കളക്ടറുടെ പ്രിതിനിധി പങ്കെടുക്കേണ്ടതാണ്. ജില്ലാ പ്ലാനിംഗ് ഓഫീസർ, തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) എന്നിവർ എല്ലാ യോഗത്തിലും പങ്കെടുക്കണം. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറെക്കൂടി ഉൾപ്പെടുത്തി വേണം നഗരസഭകളുടെ പദ്ധതി നിർവ്വഹണം അവലോകനം ചെയ്യേണ്ടത്.

(iii)പ്രോജക്ടുകളുടെ വെറ്റിംഗ്, സാങ്കേതികാനുതി എന്നിവയുടെ പൂർത്തിയാക്കൽ നടപടി വളരെ പുറകിലാണ്. വിശദാംശം താഴെ ചേർക്കുന്നു.

**2022–23–ലെ പ്രോജക്ടുകളുടെ വിശദാംശങ്ങൾ**

| | | |
|---|---|---|
| ആകെ പ്രോജക്ടുകളുടെ എണ്ണം | – | 2,32,209 |
| സാങ്കേതികാനുമതി ആവശ്യമില്ലാത്ത പ്രോജക്ടുകളുടെ എണ്ണം | – | 1,43,182 |
| ഇതുവരെ വെറ്റ ചെയ്ത പ്രോജക്ടുകളുടെ എണ്ണം | – | 1,02,008 |
| സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ടുകളുടെ എണ്ണം | – | 89,147 |
| സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | – | 10,817 |

മുഴുവൻ പ്രോജക്ടുകളുടെ വെറ്റിംഗ് നടപടി ഒക്ടോബർ 31–നകം പൂർത്തിയാക്കണം. തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ അറിയിച്ച പ്രകാരം സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ടുകൾക്ക് നവംബർ 30–നകം സാങ്കേതികാനുമതി നൽകണം. വെറ്റിംഗ് ഓഫീസർമാരുടെ യോഗം പ്രത്യേകമായി വിളിച്ച് വെറ്റിംഗ് നടപടി പൂർത്തിയാക്കാൻ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കണം. വെറ്റിംഗിനു അയയ്ക്കുന്ന പ്രോജക്ടുകൾ പരമാവധി 2 ദിവസത്തിനകം പൂർത്തിയാക്കി തിരികെ നൽകണം. സാങ്കേതിക അനുമതി 4 ദിവസത്തിനകം പൂർത്തിയാക്കണം.

നിർമ്മാണ പ്രോജക്ടുകളുടെ വെറ്റിംഗ്, സാങ്കേതിക അനുമതി, ടെണ്ടറിംഗ്, നിർവ്വഹണം ആരംഭിക്കൽ എന്നിവ കാലതാമസം കൂടാതെ നടപ്പാക്കുന്നതിനായി പ്രത്യേക ഇടപെടൽ നടത്താൻ തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ജില്ലാതലത്തിൽ ചുമതലപെടുത്തുന്നു. സംസ്ഥാന തലത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ഇതു പ്രത്യേകമായി അവലോകനം ചെയ്യണം.

(iv) വ്യക്തിഗത പ്രോജക്ടുകളുടെ ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്കും ബ്ലോക്ക് /ജില്ലാ പഞ്ചായത്തിനും കൈമാറുന്ന നടപടിക്രമം ഒക്ടോബർ 25–നകം പൂർത്തിയാക്കണം. ജില്ലാ ആസൂത്രണസമിതി ഇത് പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്തണം.

(v) ബ്ലോക്ക് /മുനിസിപ്പൽ തല അവലോകനങ്ങളിൽ അതതു പ്രദേശത്തെ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ പങ്കെടുക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി നിർദ്ദേശം നൽകണം. അവലോകന യോഗങ്ങളിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾ ജില്ലാതലത്തിൽ പരിഹരിക്കേണ്ടവ ജില്ലാ ആസൂത്രണ സമതി / ജില്ലാ കളക്ടർ ഇടപെട്ടു പരിഹരിക്കണം. സർക്കാർ ഇടപെടേണ്ടവ കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകേണ്ടതാണ്. സർക്കാർ ഇടപെടേണ്ട വിഷയങ്ങൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് ക്രോഡീകരിച്ചു നൽകണം. ബ്ലോക്ക് / മുനിസിപ്പൽ / ജില്ലാതല അവലോകനം ജില്ലാ പ്ലാനിംഗ് ഓഫീസർ ഏകോപിക്കണം. ഇത് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് പ്രത്യേകം അവലോകനം ചെയ്യണം.

**നടപടി:- 1) എല്ലാ ജില്ലാ കളക്ടർമാരും**
**2)ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി ഡിവിഷൻ**
**3)എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാരും**
**4)തദ്ദേശസ്വംഭരണ ചീഫ് എഞ്ചിനീയർ**
**5)എല്ലാ തദ്ദേശസ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും**
**6)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3) വാർഷിക പദ്ധതി ഭേദഗതി**

ധനവകുപ്പിന്റെ 3.10.2022 ലെ 121/2022/ധന ഉത്തരവു പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഈ വർഷം ലഭ്യമാകുന്ന വികസന ഫണ്ട് സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എത്രയെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്കും മാറ്റം വരുത്തേണ്ടതുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി രൂപം നൽകിയ മൈക്രോ പ്ലാനുകൾ, പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രോജക്ടുകൾ, നൈപുണി വികസനത്തിനുള്ള പ്രോജക്ടുകൾ, ആനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം ഉൾപ്പെടെ തെരുവുനായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ എന്നിവ ഏറ്റെടുക്കുന്നതിന് മുൻഗണന നൽകി വാർഷിക പദ്ധതി പരിഷ്കരിക്കണം.

ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ള മൈക്രോപ്ലാനുകളെ അടിസ്ഥാനമാക്കി മേൽത്തട്ട് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതായ പ്രോജക്ടുകൾ ബന്ധപ്പെട്ട ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവയുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.

അധിക തുക ലഭിച്ചിട്ടില്ലാത്തതും ഇതിനകം വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രോജക്ടുകളിൽ ഈ വർഷം നിർവഹണം ആരംഭിക്കാൻ കഴിയാത്തതും അടുത്ത വർഷത്തേയ്ക്ക് മാറ്റാൻ കഴിയുന്നതുമായ പ്രോജക്ടുകൾ ഒഴിവാക്കി വിഹിതം കണ്ടെത്തേണ്ടതും ആ വിഹിതം വകയിരുത്തി മേൽപ്പറഞ്ഞ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

ഇവയോടൊപ്പം ഒഴിവാക്കാനാകാത്തതും അടിയന്തിര പ്രാധാന്യമുള്ളതുമായ താഴെ പ്രതിപാദിക്കുന്ന ഭേദഗതികളും വരുത്താവുന്നതാണ്.

(i) ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുക.

(ii) മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുക.

(iii) ദ്രവ/ഖര മാലിന്യ സംസ്കരണ പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കാവുന്നതാണ്.

(iv) കേന്ദ്ര/സംസ്ഥാന പദ്ധതി പ്രകാരം വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക (ആവശ്യമുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തുക)

(v) ലോക ബാങ്ക് സഹായത്തോടെ നഗരഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന്റെ (KSWMP) ഭാഗമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്.

(vi) അടിയന്തിരമായി ഏറ്റെടുക്കേണ്ട പുതിയ പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക

(vii) ജില്ലാ ആസൂത്രണസമിതിയോ വെറ്റിംഗ് ഓഫീസറോ നിർദ്ദേശിച്ചതിന് അനുസൃതമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.

(viii) കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ നിർവ്വഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.

(ix) ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ ആയുഷ് ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളായി മാറ്റുക എന്ന ലക്ഷ്യത്തോടെ നാഷണൽ ആയുഷ് മിഷൻ അനുവദിച്ചിട്ടുള്ള ഫണ്ട് വകയിരുത്തി ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക

(x) പ്രത്യേക ഘടകപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള പൊതു പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം.

(xi) ടെണ്ടർ സേവിംഗ്സ്, മതിയായ ഗുണഭോക്താക്കൾ ഇല്ലാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ മിച്ചം തുക ലഭ്യമാണെങ്കിൽ ആ തുക, കൂടുതൽ വിഹിതം ആവശ്യമായ മറ്റ് പ്രോജക്ടുകൾക്ക് ലഭ്യമാക്കുക (സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ് ).

(xii) വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ മറ്റേതെങ്കിലും കാരണത്താൽ നിർവഹണം തുടങ്ങാൻ കഴിയാത്തതോ ആയ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

(xiii) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പിയുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ യുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര/സംസ്ഥാന പദ്ധതികൾ പ്രകാരം വകുപ്പുകളോ ഏജൻസികളോ

നടപ്പാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(xiv) ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതും മാർഗരേഖ/സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(xv)വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ/ നിർദ്ദേശത്തോടെ തയ്യാറാക്കുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത എ.ബി.സി. സ്പെഷ്യൽ പ്രോജക്ടുകൾ മേഖലാതല മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി വിഹിതം കണ്ടെത്തി വാർഷിക പദ്ധതിയുടെ ഭാഗമാക്കണം. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നുണ്ടെങ്കിൽ *ഇ-ഗ്രാംസ്വരാജ്* പോർട്ടലിലും അതേ ഭേദഗതികൾ വരുത്തേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിക്കുന്ന പ്രോജക്ടുകളുടെയും പട്ടിക ഏറ്റവും ആദ്യം കൂടുന്ന ഗ്രാമ/വാർഡ്സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്

പരിഷ്കരിച്ച വാർഷിക പദ്ധതി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും 2022 നവംബർ 2-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം. വാർഷിക പദ്ധതിയിൽ ഏതു തരത്തിലുള്ള ഭേദഗതി ആകാമെന്നുൾപ്പെടുത്തി സർക്കാർ ഉത്തരവിന്റെ കരട് തയ്യാറാക്കി നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

**നടപടി:- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4) 2023-24 ലെ പദ്ധതി രൂപീകരണം**

കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് 2023-24 വാർഷിക പദ്ധതി രൂപീകരണ നടപടിക്രമങ്ങളുടെ സമയക്രമം നിശ്ചയിച്ച്, ഇതനുസരിച്ച് നടപടികൾ സ്വീകരിച്ച് 31.01.2023 നകം ത്രിതല പഞ്ചായത്തുകളുടെ പദ്ധതി eGSP- യിൽ അപ് ലോഡ് ചെയ്യുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഉടനെ തുടങ്ങേണ്ടതാണ്.

പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പദ്ധതികൾ eGSP യിലാണ് അപ് ലോഡ് ചെയ്യേണ്ടത്. GPDP പോർട്ടലിൽ സമയബന്ധിതമായി വിവരങ്ങൾ രേഖപ്പെടുത്താതെ വന്നാൽ ആയത് പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗത്തെയും ബാധിക്കും. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെ 2023-24 വാർഷിക പദ്ധതിയിലെ കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപപദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ, സമയക്രമം എന്നിവ താമസംകൂടാതെ പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചു.

ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പദ്ധതികൾ അപ് ലോഡ് ചെയ്ത് പൂർത്തിയാക്കേണ്ട അവസാന തീയതിയും സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അന്തിമമാക്കി

ജില്ലാ ആസൂത്രണ സമിതിക്ക സമർപ്പിക്കേണ്ട അവസാന തീയതിയും 2023 ജനുവരിയിലായാണ്.

ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് പദ്ധതി തയ്യാറാക്കുന്നതിനും ഇതടക്കമുള്ള മറ്റ വിഹിതമുപയോഗിച്ച് തദ്ദേശഭരണസ്ഥാപനങ്ങളുടെ 2023-24 പൂർണ്ണവാർഷിക പദ്ധതി തയ്യാറാക്കുന്നതിനും സമന്വയിപ്പിച്ച (Sychronized) കലണ്ടർ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കണം. ഒപ്പം അടുത്ത വാർഷിക പദ്ധതി തയ്യാറാക്കാനുള്ള ഉത്തരവിന്റേയും മാർഗ്ഗരേഖയുടേയും കരട് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കി വകുപ്പിനു നൽകണം.

**നടപടി:- 1) സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ**
**3) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**5) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ ധനസഹായം**

ലൈഫ് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് 6.00 ലക്ഷം രൂപയാണ് നൽകാവുന്നത്. 28.05.2022-ലെ 115/2022/തസ്വഭവ ഉത്തരവു പ്രകാരമുള്ള പതിനാലാം പഞ്ചവൽസര പദ്ധതിയുടെ സബ്സിഡി -ധനസഹായ മാർഗ്ഗരേഖ പ്രകാരം എല്ലാ വിഭാഗത്തിനും 4.00 ലക്ഷം രൂപ എന്നാണ് പറഞ്ഞിരിക്കുന്നത് (ഖണ്ഡിക 6.7 - ക്രമ നമ്പർ 1). ലൈഫ് മിഷൻ നിശ്ചയിച്ചിരുന്നതുപോലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് 6.00 ലക്ഷം രൂപ നൽകാവുന്നതാണെന്ന് പതിനാലാം പഞ്ചവൽസര പദ്ധതിയുടെ സബ്സിഡി ധനസഹായ മാർഗ്ഗരേഖയുടെ ഖണ്ഡിക 6.7 ക്രമനമ്പർ 1-ൽ ഭേദഗതി വരുത്താൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**6) നിർമ്മാണ പ്രോജക്റ്റുകളുടെ സാങ്കേതികാനുമതി**

നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്റ്റിന് സാങ്കേതികാനുമതി നൽകുന്നത് പ്രൈസ് സോഫ്റ്റ് വെയറിലൂടെയാണ്. ഇത് സുലേഖ സോഫ്റ്റ് വെയറുമായി സമന്വയിപ്പിച്ചിട്ടില്ല (synchronize). ഈ രണ്ട് സോഫ്റ്റ് വെയറും ലിങ്ക് ചെയ്ത് സമന്വയിപ്പിക്കാനാവശ്യമായ നടപടി ഐ.കെ.എം. സ്വീകരിക്കണം.

**നടപടി:-1) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**
**2) തദ്ദേശസ്വയംഭരണ (ഇ.ജി) വകുപ്പ്**

**4. പ്രത്യേക വിഷയം**

====================

**4.1 <u>ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2022 ലെ കത്ത് (SRG 725/22 - CC/217/2022).**

**വിഷയം:-** ലൈഫ് പദ്ധതി പ്രകാരം വീട്ടു നൽകൽ.

ലൈഫ് ഭവന പദ്ധതിയുടെ ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ ശ്രീ.പുരുഷൻ, ചാലുങ്കൽ, വാർഡ് 14, ശ്രീ.ദേവദാസ്, മുല്ലശ്ശേരിൽ, വാർഡ് 13 എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ 2010-11 വർഷം ഇ.എം.എസ് ഭവന പദ്ധതി പ്രകാരമുള്ള ധനസഹായത്തോടെയാണ് വീട്ടു നിർമ്മിച്ചത്. ഇപ്പോൾ ഇവരുടെ വീട്ടു വാസയോഗ്യമല്ലായെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. മുമ്പ് ഇവർക്ക് വീട്ടു നിർമ്മാണത്തിന് സഹായം നൽകിയിട്ടുണ്ട്. 12 വർഷം കഴിയാത്തതിനാൽ ലൈഫ് പദ്ധതി പ്രകാരമുള്ള ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇപ്പോഴത്തെ വീട് വാസയോഗ്യമല്ല എന്നു ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ കൂടി സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.2 <u>കുളക്കട ഗ്രാമപഞ്ചായത്ത്</u>**

**കുളക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.09.2022 ലെ** K3-457/22- **ലെ കത്തും കുളക്കട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.08.2022 ലെ 2(9)-ാം നമ്പർ തീരുമാനവും (SRG 1037/22).**

**വിഷയം:-** ലൈഫ് മിഷൻ ലിസ്റ്റിലെ അപാകത പരിഹരിക്കുന്നതു സംബന്ധിച്ച്.

കുളക്കട ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിലെ ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ താഴെ പറയുന്നവർ ഉൾപ്പെട്ടിരുന്നു. ഇവരുടെ വിവരങ്ങൾ എം.ഐ.എസ്. പ്രകാരം എലിജിബിൾ ആയി രേഖപ്പെടുത്തിയിരുന്നു. ഇപ്പോൾ ഇവർ യോഗ്യത ഉള്ളവരുടെ ലിസ്റ്റിലോ യോഗ്യതയില്ലാത്തവരുടെ ലിസ്റ്റിലോ ഇല്ല. ഈ സാഹചര്യത്തിൽ അപാകത പരിഹരിച്ച് ഇവർക്ക് വീടുനിർമ്മിച്ച് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>ഗുണഭോക്താക്കളുടെ പേര്</u>**

1) ശ്രീമതി തങ്കമണി, കാറ്റഗറി - ജനറൽ, ലൈഫ് ID - LF 0771486/2/321/12
2) ശ്രീമതി ഷേർളി ബാബു - കാറ്റഗറി - ജനറൽ - ലൈഫ് ID -LF 0231468/2/3211/03
3) ശ്രീ. രാമചന്ദ്രൻ - കാറ്റഗി -ജനറൽ - ലൈഫ് ID -LF 1648874/2/321/12
4) ശ്രീമതി ഗിരിജ - കാറ്റഗറി - ജനറൽ - ലൈഫ് ID LF/1571931/2/321/8

**തീരുമാനം :-** അനുമതി നൽകുന്നു. എം.ഐ.സിലെ അപാകത പരിശോധിച്ച് പരിഹരിക്കുന്നതിന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.3 <u>കാവാലം ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.07.2022 ലെ കത്ത് (SRG 718/22 – CC/622/2021).**

**വിഷയം:** ലൈഫ് ഭവന പദ്ധതി – ഭാഗികമായി പ്രളയ ധനസഹായം ലഭിച്ചവർക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 19/22*** | ***അടങ്കൽ*** | ***48,26,000 രൂപ*** |
| | *വികസന ഫണ്ട് ജനറൽ* | ***23,26,000 രൂപ*** |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | ***10,00,000 രൂപ*** |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | ***10,00,000 രൂപ*** |
| | *സംസ്ഥാന വിഹിതം* | ***5,00,000 രൂപ*** |
| ***പേര്*** | ***ലൈഫ് ഭവന നിർമ്മാണ പദ്ധതി ജനറൽ*** | |

ഗ്രാമപഞ്ചായത്തിലെ 9 ഗുണഭോക്താക്കൾ പട്ടികജാതി/ പട്ടികവർഗ്ഗ / ഫിഷറീസ് ലൈഫ് ഭവന പദ്ധതിയിലെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്. ഇതിൽ ഒന്നു വീതം എസ്.സി, എസ്.റ്റി വിഭാഗത്തിൽപ്പെട്ടവരും 7 പേർ മത്സ്യതൊഴിലാളി കുടുംബത്തിൽപ്പെട്ടവരുമാണ്. ഇവർക്ക് ഭാഗികമായി പ്രളയ ദുരിതാശ്വാസ പദ്ധതിയിൽ **(CMDRF, SDRF)** ൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2021, 14.09.2021 തീയതികളിലെ തീരുമാനപ്രകാരം ലൈഫ് ഭവനപദ്ധതി പ്രകാരം ധനസഹായം നൽകുന്നതിൽ നിയന്ത്രണമുണ്ട്. ഇവർക്ക് പ്രളയ ദുരിതാശ്വാസ പദ്ധതി പ്രകാരം ലഭിച്ച തുകയും, കാവാലം ഗ്രാമപഞ്ചായത്ത് നൽകിയ തുകയും വീടിന്റെ ഇപ്പോഴത്തെ അവസ്ഥയും താഴെ ചേർക്കുന്നു. ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനു ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| ക്രമ നമ്പർ | പേര് | **CMRDF, SDRF**-ൽ നിന്നും ലഭിച്ച തുക | ലൈഫിൽ നിന്നു നൽകിയ തുക | നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|
| 1 | ശ്രീമതി തങ്കമ്മ, കാപ്പിൽച്ചിറ (എസ്.സി) | 2,50,000 രൂപ | 2,00,000 | വീട്ടു നിർമ്മാണം പൂർത്തിയായി |
| 2 | ശ്രീമതി. പ്രീത, 15ൽ ചിറ (എസ്.റ്റി) | 10,000 രൂപ | 40,000 | വീടിന്റെ അടിത്തറ നിർമ്മാണം തുടങ്ങി |
| 3 | ശ്രീ. തങ്കച്ചൻ, 20–ൽ ചിറ | 60,000 രൂപ | 40,000 | മേൽക്കൂര വരെ പൂർത്തിയാക്കി |
| 4 | ശ്രീമതി. രമണി, 15–ൽ ചിറ | 60,000 രൂപ | 40,000 | അടിത്തറ പൂർത്തിയാക്കി |
| 5 | ശ്രീമതി ശോഭനകുമാരി ബിന്ദുകൃഷ്ണൻ, അമ്പാട്ട് | 1,25,000 രൂപ | 40,000 | അടിത്തറ പൂർത്തിയാക്കി |
| 6 | ശ്രീ.സുനി ശശികുമാർ, കൊച്ചു പറമ്പ് | 60,000 രൂപ | 40,000 | മേൽക്കൂര വരെ പൂർത്തയാക്കി |

| | | | | |
|---|---|---|---|---|
| 7 | ശ്രീ. സുദർശനൻ, കണ്ടുകുടി | 10,000 രൂപ | 40,000 | അടിത്തറ പൂർത്തിയാക്കി |
| 8 | ഉദയകുമാർ, നെല്ലൂർ | 60,000 | 40,000 | അടിത്തറ പൂർത്തിയാക്കി |
| 9 | ശോഭന കമലാസനൻ | 60,000 | ഇല്ല | അടിത്തറ പൂർത്തിയാക്കി |

**തീരുമാനം :-** 1) പ്രളയത്തിൽ വീട്ട തകർന്നവർക്ക് തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് ധനസഹായം നൽകുന്നതു സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ലെ (ഖണ്ഡിക 2.2 (1) തീരുമാന പ്രകാരം താഴെ പറയുന്ന രീതിയിൽ നടപടി സ്വീകരിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത് – SDRF, CMDRF ധനസഹായ മാനദണ്ഡം കൂടി പരിഗണിച്ചാണ് ഈ തീരുമാനമെടുത്തത്.

"പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനത്തിന് SDRF ൽ നിന്നും CMRDF ൽ നിന്നു ലഭിക്കുന്ന തുക ചേർത്ത് ആകെ 4.00 ലക്ഷം രൂപ ലഭിക്കും. ഇത്തരം കുടുംബത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ ഇനി വിഹിതം നൽകേണ്ടതില്ല. 60 മുതൽ 74 ശതമാനംവരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) SDRF ൽ നിന്നും CMDRF ൽ നിന്നും ആകെ 2,50,000/- രൂപ ലഭിക്കും. എന്നാൽ പലപ്പോഴും ഈ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. ഇത്തരം കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം പുതിയവീട്ട നിർമ്മിതിക്കായി ബാക്കിവരുന്ന 1,50,000/- രൂപ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ല. എന്നാൽ 2018, 2019 ലെ പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ SDRF, CMDRF ൽ നിന്നോ മറ്റ വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട്ട നിർമ്മാണത്തിനു ലൈഫ് നിരക്കു പ്രകാരം ധനസഹായം നൽകാവുന്നതാണ്".

ഇതിന്റെ അടിസ്ഥാനത്തിൽ യോഗം ഇനി പറയുന്ന തീരുമാനം എടുത്തു. 2018-19 ലെ പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ SDRF/CMDRFൽ നിന്നോ മറ്റ വിധത്തിലോ വീട്ട നിർമ്മാണത്തിനു ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ മാത്രം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ

അടിസ്ഥാനത്തിൽ വീട്ട നിർമ്മാണത്തിനു ലൈഫ് നിരക്കു പ്രകാരം ധനസഹായം നൽകാൻ അനുമതി നൽകുന്നു.

2) കാവാലം ഗ്രാമപഞ്ചായത്ത് നൽകിയ കത്തിൽ ക്രമ നം 1 ലെ ശ്രീമതി തങ്കമ്മ, കാപ്പിൽ ചിറ എന്നയാൾക്ക് 4.50 ലക്ഷം രൂപ ആകെ നൽകിയിട്ടുണ്ട്. അധികമായി 50,000 രൂപ നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഇത് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ തിരികെ അടയ്ക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.4 <u>കോടിക്കുളം ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2022 ലെ കത്തും കോടിക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.07.2022 ലെ തീരുമാനവും തീറാധാരത്തിന്റെ പകർപ്പും (SRG 898/22 - CC/424/2022).**

**വിഷയം:-** ലൈഫ് ഭവന പദ്ധതി - വീട്ട നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 61/23* | ***അടങ്കൽ*** | ***38,00,000 രൂപ*** |
| | *വികസന ഫണ്ട് സി.എഫ്.സി ബെയിസിക് ഗ്രാന്റ്* | ***6,00,000 രൂപ*** |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | ***2,00,000 രൂപ*** |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | ***30,00,000 രൂപ*** |
| ***പേര്*** | ***ലൈഫ് - ഭൂരഹിത-ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ- ജനറൽ*** | |

ഇടുക്കി ജില്ലയടക്കം എസ്റ്റേറ്റ് മേഖലയിൽ ഭവനനിർമ്മാണത്തിനുസ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 തീയതിയിലെ തീരുമാന പ്രകാരം ഗുണഭോക്താവ് ഇപ്പോൾ താമസിക്കുന്ന തദ്ദേശഭരണസ്ഥാനത്തിനു പുറത്ത് അതേ ജില്ലയിൽ എവിടെ സ്ഥലം വാങ്ങിയാലും അവർക്ക് ഭൂമിയുടെ വിലയും വീട്ട നിർമ്മാണത്തിന്റെ ധനസഹായവും ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നൽകാൻ അനുമതിയുണ്ട്. ഇടുക്കി ജില്ലയിൽ കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ശ്രീമതി ഷമീറ മുഹമ്മദ് എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങി. ഇവർ ഭൂമി വാങ്ങിയതിന് ധനസഹായം നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.5 <u>കുമാരപുരം ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.07.2022 ലെ കത്തും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ 11.10.2021 ലെ റിപ്പോർട്ടും ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 10.03.2022 ലെ** A1 492/2022–ാം **നമ്പർ കത്തും അനുബന്ധ രേഖകളും (SRG 650/22 - CC /379/22).**

**വിഷയം:** ലൈഫ് ഭവനപദ്ധതി – അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വീട്ട നൽകുന്നത് സംബന്ധിച്ച്.

ചെന്നാട്ട കോളനിയിൽ ശ്രീ. മോഹനൻ എന്ന ആൾക്ക് 2010–11–ൽ **IAY** ഭവനപദ്ധതി പ്രകാരം വീട്ട നിർമ്മിക്കുന്നതിനു 90,000 രൂപ നൽകി (90% തുക). വീട് ലിന്റൽലവൽ മാത്രമേ അന്നു പണിതുള്ളു. ഈ നിർമ്മാണ പ്രവൃത്തികൾ ജീർണ്ണിച്ചു പോവുകയും പൊളിച്ചു മാറ്റുകയും ചെയ്തു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീ.മോഹനൻ ഇപ്പോൾ ലൈഫ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. **(Life /4/476/93014).** ഇദ്ദേഹത്തിന്റെ കുടുംബത്തിലെ ദയനീയ സ്ഥിതി പരിഗണിച്ച് മുമ്പ് കൈപ്പറ്റിയ 90,000 രൂപ കുറവു ചെയ്ത് ബാക്കി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** പ്രത്യേകാനുമതി നൽകുന്നു. എന്നാൽ 2010–11 ൽ സംഭവിച്ചതുപോലെ നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിക്കാതിരിക്കാൻ ഗ്രാമപഞ്ചായത്ത് ഉചിതമായ രീതിയിൽ ഇടപെടണം.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.6 <u>വിളയൂർ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് പ്ലാനിംഗ് ഓഫീസറുടെ 30.08.2022 ലെ കത്തും വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.08.2022 ലെ 2(3)–ാം നമ്പർ തീരുമാനവും (SRG 946/22 - CC /505/22).**

**വിഷയം :–** ലക്ഷം വീട്ട കോളനിയിലെ 24 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് പ്രത്യേകം പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

വിളയൂർ ഗ്രാമപഞ്ചായത്തിലെ ഒട്ടുപാറ ലക്ഷം വീട്ട കോളനിയിൽ 14 ഒറ്റവീട്ടുകളിലും 5 ഇരട്ട വീട്ടുകളിലുമായി താമസിക്കുന്ന 24 കുടുംബങ്ങൾക്ക് വീട്ട നിർമ്മിച്ചു നൽകാൻ 12.02.2022 ലെ 314/22/**LSGD** നമ്പർ സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ഇവർ 2020 – ലെ കരട്ട ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതാണ്. ലൈഫ് പദ്ധതിയ്ക്കായി മാറ്റി വച്ചിരിക്കുന്ന 20 ശതമാനം തുകയ്ക്ക് പുറമെ വേണം ഇതിനുള്ള വിഹിതം കണ്ടെത്തേണ്ടതെന്നും നിർദ്ദേശിച്ചിരുന്നു. ഈ കുടുംബങ്ങൾക്ക് വീട്ട നിർമ്മിക്കുന്നതിനായി പ്രത്യേകമായി ഒരു പ്രോജക്ട് എടുത്ത് നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :–** ഇവർക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള വിഹിതം ലൈഫ് ഭവനപദ്ധതിയ്ക്കായി മാറ്റി വച്ചിരിക്കുന്ന തുക (20 ശതമാനം തുക)ക്കു പുറമെ ആയിരിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. എന്നാൽ ലൈഫ് ഭവനപദ്ധതിയിലെ മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.7 <u>പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.08.2022 ലെ കത്തും പുതപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.07.2022 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 979/22 - CC /455/22).**

**വിഷയം:** പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം നിരക്ക് ഏകീകരിക്കണമെന്നതു സംബന്ധിച്ച്.

ലൈഫ് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് 6.00 ലക്ഷം രൂപയാണ് നൽകാവുന്നത്. പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം എല്ലാ വിഭാഗത്തിനും 4.00 ലക്ഷം രൂപ എന്നാണ് പറഞ്ഞിരിക്കുന്നത് (ഖണ്ഡിക 6.7 – ക്രമ നമ്പർ 1). മുൻ ഉത്തരവു പ്രകാരമുള്ള 6.00 ലക്ഷം രൂപ തന്നെ തുടർന്നും അനുവദിക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്. ഒപ്പം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് 6.00 ലക്ഷം രൂപ നൽകുന്നതു പോലെ തന്നെ സങ്കേതത്തിനു പുറത്തു താമസിക്കുന്നവർക്കും 6.00 ലക്ഷം രൂപ വീതം നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-**

1) ലൈഫ് മിഷൻ നിശ്ചയിച്ചിരുന്നതുപോലെ പട്ടികവർഗ്ഗ സങ്കേതത്തിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് 6.00 ലക്ഷം രൂപ നൽകാവുന്നതാണെന്ന് സബ്സിഡി-ധനസഹായ മാർഗ്ഗരേഖയുടെ ഖണ്ഡിക 6.7 ക്രമ നമ്പർ 1-ൽ തിരുത്തൽ വരുത്താൻ തീരുമാനിച്ചു.
2) പട്ടികവർഗ്ഗ സങ്കേതത്തിനു പുറത്തുള്ളവർക്ക് 6.00 ലക്ഷം രൂപ നൽകുന്നതു സംബന്ധിച്ച് പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.8 <u>**ബഹു . തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രിയും ബഹു. ആരോഗ്യവകുപ്പ മന്ത്രിയും പങ്കെടുത്ത 29.09.2022 ലെ യോഗ തീരുമാനം.**</u>

വയനാട് ജില്ലാ ആശുപത്രി മെഡിക്കൽകോളേജായി ഉയർത്തി. ജില്ലാ ആശുപത്രിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്താണ് വിഹിതം ചെലവഴിച്ചിരുന്നത്. എന്നാൽ മെഡിക്കൽ കോളേജായി ഉയർത്തിയെങ്കിലും മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ സഹായം വേണ്ട രീതിയിൽ ലഭിക്കാൻ തുടങ്ങിയിട്ടില്ല. നിലവിലുണ്ടായിരുന്ന എച്ച്.എം.സിക്കു പകരം എച്ച്.ഡി.സിക്കാണ് ഇപ്പോൾ ആശുപത്രിയുടെ ഭരണ ചുമതല. ജില്ലാ പഞ്ചായത്തിന്റെ ധനസഹായം ഇല്ലാതെ വന്നാൽ ആശുപത്രിയുടെ പ്രവർത്തനം സുഗമമാകില്ല. ബഹു.തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രിയും ബഹു. ആരോഗ്യവകുപ്പ മന്ത്രിയും വകുപ്പ സെക്രട്ടറിമാരും വയനാട് ജില്ലാ പഞ്ചായത്ത് പ്രിസിഡന്റുമായി 29.09.2022-ൽ നടന്ന യോഗത്തിൽ ആശുപത്രിയുടെ ഭരണ ചുമതല എച്ച്.എം.സിയിൽ തന്നെ നിലനിർത്തിയാൽ ജില്ലാ പഞ്ചായത്ത് ആവശ്യമായ വികസന പ്രവർത്തനത്തിന് വിഹിതം വകയിരുത്താമെന്ന്

ധാരണയായിരുന്നു. ഇതു സംബന്ധിച്ച് ആരോഗ്യവകുപ്പിൽ നിന്ന് ഉത്തരവുണ്ടായാൽ മാത്രമേ തുടർ പ്രവർത്തനവുമായി മുന്നോട്ടു പോകാൻ കഴിയൂ എന്നും യോഗം വിലയിരുത്തിയിരുന്നു.

ഇതിന്മേൽ ആരോഗ്യവകുപ്പ് സ്വീകരിച്ച തുടർനടപടി സംബന്ധിച്ച്.

മെഡിക്കൽ കോളേജായി ഉയർത്തി ആവശ്യം വേണ്ട അടിസ്ഥാന സൗകര്യമൊരുക്കാൻ കാലതാമസമെടുക്കും എന്ന് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തിൽ അറിയിച്ചു. അതിനാൽ വികസന പ്രവർത്തനമടക്കമുള്ള ദൈനംദിന നടത്തിപ്പിന് ജില്ലാ പഞ്ചായത്ത് ഇടപെടുകയാണെങ്കിൽ സഹായകരമാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇതിനു സഹായകരമാകും വിധം ആശുപത്രിയുടെ ഭരണ ചുമതല എച്ച്.എം.സിയിൽ തന്നെ നിലനിർത്തിക്കൊണ്ട് സർക്കാർ ഉത്തരവ് ഉടനെ ഇറക്കാമെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

**തീരുമാനം :-** വയനാട്ടു ജില്ലയുടെ പ്രത്യേകസാഹചര്യം കൂടി പരിഗണിച്ച് താഴെ പറയുന്ന തീരുമാനമെടുത്തു. ആശുപത്രിയുടെ ഭരണചുമതല എച്ച്.എം.സിക്ക് നൽകണമെന്ന നിബന്ധനയോടെ ജില്ലാ പഞ്ചായത്തിന്റെ അനുവദനീയ വിഹിതം വികസന പ്രവർത്തനത്തിനും ദൈനംദിന പരിപാലനത്തിനും ഉപയോഗിക്കാൻ അനുമതി നൽകുന്നു. 2023-24 ലെ വാർഷിക പദ്ധതി ഭേദഗതി സമയത്ത് ഇതിനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്തിനു തയ്യാറാക്കാവുന്നതാണ്.

**നടപടി:- 1) ആരോഗ്യവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.9 <u>അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോ പ്ലാൻ - നോഡൽ ഓഫീസറുടെ കുറിപ്പ്.</u> (SRG 1059/22).**

**വിഷയം:-** അതിദരിദ്ര കുടുംബങ്ങൾക്കുള്ള മൈക്രോ പ്ലാൻ

**1)** അതിദരിദ്ര കുടുംബങ്ങൾക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ ഒക്ടോബർ 15 നകം പൂർത്തിയാക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇതു പൂർത്തിയാക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങൾ അടിയന്തിരമായി മൈക്രോ പ്ലാൻ തയ്യാറാക്കണം. ഇത് നടപ്പാക്കുന്നതിന്നാവശ്യമായ വിഭവ സമാഹരണം പ്രാദേശികമായി കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇടപെടൽ നടത്തണം. ഇതിനോടൊപ്പം പദ്ധതി വിഹിതം ഉപയോഗിച്ച് കൊണ്ടും പ്രൊജക്ടുകൾ രൂപീകരിക്കേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കുന്നതിനും പ്രോജക്ടുകൾക്ക് അംഗീകാരം നല്കുന്നതിനും ജില്ലയിലെ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് **(PAU)** പ്രോജക്ട് ഡയറക്ടർമാർ ജില്ലാ ആസൂത്രണ സമിതിയുമായി ചേർന്ന് നടപടികൾ സ്വീകരിക്കണം.

**2)** അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ തയ്യാറാക്കുന്നതോടൊപ്പം താഴെ പറയുന്നവ പരിഗണിച്ച് മാർഗ്ഗനിർദ്ദേശം നൽകണമെന്ന് സ്റ്റേറ്റ് നോഡൽ ഓഫീസർ യോഗത്തിൽ ആവശ്യപ്പെട്ടു.

**i.** അതിദരിദ്ര കുടുംബങ്ങളിലെ ചിലരെ അവരുടെ ബന്ധുക്കൾ ഏറ്റെടുക്കുകയോ ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റുകയോ ചെയ്തിട്ടുണ്ട്. ഇവർ ഏകാംഗ കുടുംബങ്ങളിൽപ്പെട്ടവർ ആണെങ്കിൽ അത്തരക്കാരെ അന്തിമ പട്ടികയിൽ നിന്ന് നീക്കം ചെയ്യാമോ എന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇവരെ ലിസ്റ്റിൽ നിന്നൊഴിവാക്കാവുന്നതല്ല. ഇവർക്കാവശ്യമായ ക്ഷേമപ്രവർത്തനമടക്കമുള്ളവ തുടരണം.

**ii.** വിവരശേഖരണ വേളയിൽ ഒരു തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താവായി ഉൾപ്പെടുകയും പിന്നീട് മറ്റൊരു തദ്ദേശസ്ഥാപനത്തിലേക്ക് മാറി പോവുകയും ചെയ്ത വ്യക്തികളും കുടുംബങ്ങളും ഉണ്ട്. അങ്ങനെയുള്ളവരെ നേരത്തെ ഉൾപ്പെട്ട തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താവായി നിലനിർത്തണോ അതോ പുതിയ തദ്ദേശഭരണസ്ഥാപനത്തിലെ ഗുണഭോക്താവായി മാറ്റണമോ എന്നതു സംബന്ധിച്ച്.

**തീരുമാനം :-** തെരഞ്ഞെടുത്ത തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് മറ്റൊരു തദ്ദേശഭരണസ്ഥാപനത്തിലേക്ക് പോകുന്നത് ബന്ധുവീട്ടി ലേക്ക്, ഷെൽട്ടറിലേക്ക് എന്ന രീതിയിലായിരിക്കാം എന്ന് യോഗം വിലയിരുത്തി. ഇവർ വീണ്ടും തദ്ദേശഭരണസ്ഥാപനം മാറാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം ആൾക്കാർക്കുള്ള മൈക്രോ പ്ലാൻ തയ്യാറാക്കി ഇവരുടെ സംരക്ഷണ ചുമതല ആദ്യത്തെ തദ്ദേശഭരണസ്ഥാപനം (ഗുണഭോക്താവായി തെരഞ്ഞെടുത്ത സ്ഥാപനം) തന്നെ തുടരേണ്ടതാണ്.

**iii.** അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ പൂർത്തിയാക്കിയ ശേഷം അർഹരായി കണ്ടെത്തിയ ചില ഗുണഭോക്താക്കളുടെ വിവരം തദ്ദേശസ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. അവരെ അന്തിമമാക്കിയ പട്ടികയിൽ പുതുതായി ചേർക്കാവുന്നതാണോ എന്നതു സംബന്ധിച്ച്.

**തീരുമാനം :-** വിശദമായ പരിശോധനയുടേയും സർവ്വേയുടെയും അടിസ്ഥാനത്തിലാണ് ഇപ്പോഴുള്ള ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇവർക്കുള്ള വികസനക്ഷേമ പ്രവർത്തനം മികച്ച രീതിയിൽ ഒരു ഘട്ടമെത്തിയ തിനുശേഷം പുതിയ കൂട്ടിചേർക്കലുകൾ മതിയെന്ന് യോഗം വിലയിരുത്തി. അതിനാൽ തല്ക്കാലം പുതിയതായി ആരേയും കൂട്ടിചേർക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

**iv.** വാസസ്ഥലം ഇല്ലാ എന്ന ക്ലേശഘടകത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ പട്ടികയിൽ ഉൾപ്പെട്ടുവെങ്കിലും ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ

ഉൾപ്പെടാതെ പോയ കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് പാർപ്പിടവുമായി ബന്ധപ്പെട്ട ആനുകൂല്യം നൽകുന്നതിനായി ലൈഫ് ഗുണഭോക്തൃ പട്ടികയിൽ കൂട്ടി ചേർക്കണമെന്ന നിർദ്ദേശം സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യവും അർഹതയുമുള്ള ഇത്തരം കുടുംബങ്ങൾക്ക് ലൈഫ് മിഷനിലെ മറ്റു മാനദണ്ഡ പ്രകാരം വീടു നൽകാവുന്നതാണ്.

**v.** ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്കു വേണ്ടിയുള്ള പ്ലാനുകൾക്ക് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകേണ്ടതാണ് എന്നും ഇതിനായി വിശദമായി ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ് എന്നും 08.07.2022 തീയതിയിലെ 146/2022/എസ്.എസ്.ജി നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടി സംബന്ധിച്ച്.

**തീരുമാനം :-** കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പൊതു വിഷയം ഖണ്ഡിക 3 പ്രകാരം പദ്ധതി ഭേദഗതി ചെയ്യുമ്പോൾ ജില്ല/ബ്ലോക്കു പഞ്ചായത്തുകൾ ഇതിന് വിഹിതം വകയിരുത്തേണ്ടതാണ്.

**vi.** പുതുതായി റേഷൻ കാർഡ് അനുവദിക്കുന്ന അതിദരിദ്രർക്ക് മറ്റ് യാതൊരു രേഖകളോ മാനദണ്ഡങ്ങളോ ബാധകമാക്കാതെ ബി.പി.എൽ റേഷൻ കാർഡ് പ്രത്യേകമായി അനുവദിക്കുന്നതിനു വേണ്ട നടപടി സംബന്ധിച്ച്.

**തീരുമാനം-** ഈ വിഷയം ബഹു. തദ്ദേശസ്വയംഭരണ- എക്സൈസ് വകുപ്പു മന്ത്രി ബഹു.ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ നിർദ്ദേശം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നൽകുന്നതാണ്.

**നടപടി:- 1) സ്റ്റേറ്റ് നോഡൽ ഓഫീസർ, EPIP**
**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.10 <u>ക്ഷീര വികസനം</u>**

**<u>ബഹു. മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രിയുടെ 28.08.2022 ലെ 599/Min (AH &DD) 2022- ം നമ്പർ കത്തും 03.09.2022 ലെ DA1/306/2022/തസ്വഭവ നമ്പർ സർക്കാർ കത്തും</u> (SRG 915/22).**

**വിഷയം:-** ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി നൽകുന്നതു സംബന്ധിച്ച്.

ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്കു ഒരു ലിറ്റർ പാലിനു 3 രൂപ ക്രമത്തിൽ സബ്സിഡിയായി തദ്ദേശഭരണസ്ഥാപനങ്ങൾ കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നുണ്ട്. പാൽ സബ്സിഡി നൽകുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**i.** ജൂലൈ മുതൽ 9 മാസത്തേക്ക് ലഭ്യമായ തുക ഫലപ്രദമായി നൽകുന്നതിനായി ജൂലൈ മാസത്തിൽ ക്ഷീരകർഷകർ സംഘങ്ങളിൽ നൽകിയ പാലിന്റെ അളവ് കണക്കാക്കി

സെപ്റ്റംബർ ആദ്യവാരം മിൽക്ക് ഇൻസെന്റീവ് (പാലിനു സബ്സിഡി) വിതരണം ചെയ്യുന്നതിന് അനുവാദം നൽകണം. തുടർന്ന് ആഗസ്റ്റിൽ നൽകിയ പാലിന്റെ അളവ് അടിസ്ഥാനമാക്കി ഒക്ടോബർ ആദ്യവാരം നൽകണം. ഈ ക്രമത്തിൽ ഈ സാമ്പത്തിക വർഷം തുക വിതരണം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണം.

**തീരുമാനം:-** ഏപ്രിൽ ഒന്നു മുതലുള്ള അർഹമായ പാൽ സബ്സിഡിയാണ് നൽകേണ്ടത്. അതത് മാസം അളക്കുന്ന പാലിന് തൊട്ടടുത്ത മാസം സബ്സിഡി നൽകുന്ന രീതി തദ്ദേശഭരണസ്ഥാപനത്തിന്റെ സൗകര്യമനുസരിച്ച് സ്വീകരിക്കാവുന്നതാണ്. എന്നാൽ പാലിന് തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്ന സബ്സിഡി ഒരു ലിറ്റർ പാലിന് 3 രൂപ ക്രമത്തിൽ പരിമിതപ്പെടുത്തണം. ഒപ്പം ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ഒരു വർഷം നൽകാവുന്ന പരമാവധി തുക 40000 രൂപ എന്നതടക്കമുള്ള മാർഗ്ഗരേഖയിലെ മറ്റു മാനദണ്ഡങ്ങൾ പാലിക്കണം.

ii. കഴിഞ്ഞ വർഷത്തെ ഇതേ പദ്ധതിക്കായി മാറ്റിവെച്ച പദ്ധതി വിഹിതത്തിന്റെ സ്പിൽ ഓവർ തുക ഈ വർഷത്തെ പദ്ധതി വിഹിതമായി കണക്കാക്കി ഇതേ രീതിയിൽ വിതരണം ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കഴിഞ്ഞ വർഷത്തെ സ്പിൽഓവർ തുക മുഴുവൻ അനുവദിക്കുക പ്രായോഗികമല്ല എന്നു യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യം പരിഗണിച്ചില്ല.

iii. ഓരോ വർഷവും മൊത്തം ക്ഷീരകർഷകരുടേയും ലിസ്റ്റ് ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമാക്കണമെന്ന നിബന്ധന ഒഴിവാക്കി കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും മാത്രം ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമാക്കിയാൽ മതിയെന്ന നിർദ്ദേശം സംബന്ധിച്ച്. ഇത്തരത്തിലുള്ള ലിസ്റ്റിന് അംഗീകാരം ലഭിക്കുന്നത് വരെ കാത്തിരിക്കാതെ തദ്ദേശഭരണസ്ഥാപന ഭരണസമിതിയും ഗ്രാമസഭകളും അംഗീകരിച്ച ഏറ്റവും ഒടുവിലത്തെ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മിൽക്ക് ഇൻസെന്റീവ് വിതരണം ആരംഭിക്കാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** വ്യക്തിഗത ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ വയ്ക്കണമെന്ന പൊതു തീരുമാനം മാറ്റാവുന്നതല്ല. കൂട്ടി ചേർക്കലും ഒഴിവാക്കലുമടക്കമുള്ള മുഴുവൻ ലിസ്റ്റിനും ഗ്രാമസഭയുടെ അംഗീകാരം നേടേണ്ടതാണ്.

iv. പാൽ സബ്സിഡിക്കായി പ്രോജക്റ്റ് ഏറ്റെടുത്ത എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളോടും ബിൽ തയ്യാറാക്കി സെപ്റ്റംബർ ഒന്നിന് തന്നെ അവരുടെ നിർവഹണ ഉദ്യോഗസ്ഥൻ

ബിൽ ട്രഷറിയിൽ സമർപ്പിച്ചു എന്ന് ഉറപ്പുവരുത്താൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഓരോ മാസത്തേയും സബ്സിഡി തുക തൊട്ടടുത്ത മാസം തന്നെ നൽകുന്ന രീതിയിൽ ബിൽ തയ്യാറാക്കി ട്രഷറിയിൽ നൽകാൻ നിർദ്ദേശം നൽകുന്നു. ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ക്ഷീരവികസന വകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്.

**v.** ഈ വർഷം ഈ ഇനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നീക്കിവെച്ച തുക ഉപയോഗിച്ച് അടുത്ത വർഷത്തേക്ക് നൂതനമായ പദ്ധതികൾ തയ്യാറാക്കാൻ ക്ഷീരവികസന വകുപ്പ് മുൻകൈ എടുത്തിട്ടുണ്ട്. ഇതുമായി സഹകരിച്ച് പ്രവർത്തിക്കാനും പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യാനും **KILA** യിൽ ഒരു **Single point of contact** നെ ചുമതലപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

**നടപടി:-1) ക്ഷീര വികസന വകുപ്പ് ഡയറക്ടർ**
**2)KILA ഡയറക്ടർ ജനറൽ**
**3) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.11 <u>തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ</u>**

<u>**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 6.10.2022 ലെ** DB3/753/2013/CE/**തസ്വഭവ നമ്പർ കത്ത്**</u> **(SRG 1054/22).**

**വിഷയം:-** വാഹനം വാടകയ്ക്ക് എടുക്കുന്നതു സംബന്ധിച്ച്.

എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും അവയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനു നിലവിൽ സ്വന്തമായി വാഹനമില്ലെങ്കിൽ ഒരു വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. ഇതനുസരിച്ച് പ്രതിമാസം പരമാവധി 2000 കിലോമീറ്റർ ഓടുന്നതിന് 36,000 രൂപ വരെ വാടകയിനിത്തിൽ ചെലവഴിക്കാം. ഈ നിരക്കു പ്രകാരം ശരാശരി ഒരു കിലോമിറ്ററിന് 18 രൂപയാണ്. ഇതു തെറ്റായി വ്യാഖ്യാനിച്ച് പല തദ്ദേശഭരണസ്ഥാപനങ്ങളും വാഹനം യഥാർത്ഥത്തിൽ ഓടുന്ന കിലോമീറ്ററിനു കണക്കു കൂട്ടി 18 രൂപ നിരക്കിൽ വാടക നിശ്ചയിക്കുന്നു. അതിനാൽ വാടകയ്ക്ക് വാഹനം ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ **"**പ്രതിമാസം പരമാവധി 36000 രൂപയിൽ അധികരിക്കാതെ പരമാവധി 2000 കി.മി. സഞ്ചരിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക് അംഗീകാരം നൽകാവുന്നതും 2000 കി.മീ. ഓടിയില്ലെങ്കിൽ പോലും ക്വാട്ട് ചെയ്ത തുക പ്രതിമാസം അനുവദിക്കാവുന്നതുമാണ്**"** എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രതിമാസം പരമാവധി 36,000 രൂപയിൽ അധികരിക്കാതെ പരമാവധി 2000 കി.മി ഓടുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്യുന്ന വ്യക്തിയെ തെരഞ്ഞെടുക്കാവുന്നതാണ് എന്ന് സ്പഷ്ടീകരണം നൽകുന്നു. 2000 കി.മീ ഓടിയില്ലെങ്കിൽ പോലും ക്വാട്ട് ചെയ്ത തുക എത്രയാണോ അതു നൽകാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗം 21.10.2022 ന് ഉച്ചകഴിഞ്ഞ് 2.30 ന് കൂടുവാൻ തീരുമാനിച്ചു.

യോഗം വൈകിട്ട് 7.00 ന് അവസാനിച്ചു

**അനുബന്ധം**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5. ഡയറക്ടർ, നഗരകാര്യ വകുപ്പ്
6. പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ
7. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (പ്രതിനിധി)
8. അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് (പ്രതിനിധി)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
12. മിഷൻ ഡയറക്ടർ, MGNREGS
13. ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
14. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
15. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
16. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
18. ഡയറക്ടർ ജനറൽ, കില
19. ഹെൽത്ത് ഡയറക്ടർ (പ്രതിനിധി)
20. അഗ്രികൾച്ചറൽ ഡയറക്ടർ (പ്രതിനിധി)
21. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
22. നോഡൽ ഓഫീസർ, EPIP
23. ക്ഷീരവികസന വകുപ്പ് ഡയറക്ടർ (പ്രതിനിധി)